മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

MY LORD AND MY GOD

Vol. 07 No. 21 | THE ONLINE OFFICIAL NEWS BULLETIN | 2024 May 02

SEASON OF RESURRECTION | **ഉയിർപ്പുകാലം** | **ܥܕܢܐ ܕܩܝܡܬܐ**

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
4th Sunday after New Sunday ♪5 **5**	♪1 **6**	♪5 **7**	♪1 Comme. of St. John the Evangelist 259th Mem. of Mar Thoma V (Niranam Valiya Palli) **8**	♪5 Suloqo Ascension of our Lord **9**	AWAITING HOLY SPIRIT ♪1 Feast of St. Simon the Zealot **10**	♪5 **11**



റീശ് കോർഎപ്പിസ്കോപ്പാ ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് ഇനി 'മലങ്കര മല്പാൻ'

പാമ്പാക്കുട: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മുൻ വൈദിക ട്രസ്റ്റിയും, മുൻ വൈദിക സെമിനാരി പ്രിൻസിപ്പലും ഇപ്പോൾ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ പ്രിൻസിപ്പൽ സെക്രട്ടറിയും സഭാ വക്താവുമായി സേവനമനുഷ്ഠിക്കുന്ന ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ടിന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ 'മലങ്കര മൽപ്പാൻ' സ്ഥാനം നൽകി.

മലങ്കരസഭയുടെ ചരിത്രത്തിൽത്തന്നെ ആദ്യമായി 'റീശ് കോർഎപ്പിസ്കോപ്പാ' എന്ന സ്ഥാനം നൽകി വാഴിച്ചതിനോടനുബന്ധിച്ചാണ് മലങ്കര മല്പാൻ സ്ഥാനവും നൽകിയത്. പാമ്പാക്കുടയിലെ പുരാതനമായ കോനാട്ട് കുടുംബത്തിൽ തന്റെ പിതാമഹന്മാരുടെ പിൻഗാമിയായിട്ടാണ് അദ്ദേഹം മലങ്കര മല്പാൻ സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്നതെന്നത് ചരിത്ര നിയോഗം. മലങ്കര സഭയുടെ ആരാധനകളും പ്രാർത്ഥനകളും മലയാളത്തിലേക്ക് വിവർത്തനം ചെയ്യാൻ നേതൃത്വം നൽകുകയും, അന്ന് സുറിയാനി ഭാഷ വൈദിക വിദ്യാർത്ഥികളെ അഭ്യസിപ്പിക്കുകയും ചെയ്ത മല്പാന്മാരുടെ നിരകളിൽ വർത്തമാനകാല പ്രതിനിധിയാണ് ഫാ. ഡോ. ജോൺസ് ഏബ്രഹാം. സുറിയാനി ഭാഷാ പണ്ഡിതനായ അദ്ദേഹം, സുറിയാനി പിതാക്കന്മാരെക്കുറിച്ചും ആരാധനാ – ആചാര അനുഷ്ഠാനങ്ങളെക്കുറിച്ചും ഗവേഷണം നടത്തുകയും നിരവധി ഗ്രന്ഥങ്ങളും ലേഖനങ്ങളും രചിക്കുകയും ചെയ്തിട്ടുണ്ട്. പാമ്പാക്കുട സെന്റ് ജോൺസ് എഫേസോസ് ഓർത്തഡോക്സ് വലിയപള്ളിയിൽ ഏപ്രിൽ 30–ന് വി. കുർബാന മദ്ധ്യേയാണ് ശുശ്രൂഷകൾ നടന്നത്.



ആംഗ്ലിക്കൻ ആൻഡ് ഈസ്റ്റേൺ ചർച്ചസ് അസോസിയേഷൻ അംഗങ്ങൾ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായോടൊപ്പം.



തിരുവല്ല നിരണം നോർത്ത് ശക്തിമംഗലം എം.ഡി. എൽ.പി. സ്കൂളിൽ പുതുതായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ ശിലാസ്ഥാപന കർമ്മം കാതോലിക്കേറ്റ് & എംഡി സ്കൂൾസ് കോർപ്പറേറ്റ് മാനേജർ ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് നിർവഹിച്ചു.



ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം കേന്ദ്ര കമ്മിറ്റിയുടെ യോഗം പരുമല സെമിനാരിയിൽ വെച്ച് നടന്നു. ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം പ്രസിഡൻറ് ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ അധ്യക്ഷത വഹിച്ചു.

ചരിത്രരേഖ

എഴുത്തുകളുടെ നമ്പർ ബുക്ക്

പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ

പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 1925-ലെ കല്പനകളുടെ നമ്പർ ബുക്ക്.

103. പടിഞ്ഞാറേത്തലയ്ക്കൽ കുഞ്ഞപ്പനു. യാത്രയ്ക്കു പ്രയാസമാക കൊണ്ടു വന്നുചേരുന്നതിനു പ്രയാസമാണെന്നും മറ്റും. 1100 കുംഭം 4. പരുമല സിമ്മനാരിയിൽ നിന്നും.

104. പാറേട്ടു മാത്യൂസ് കത്തനാർക്കു. വർത്തമാനത്തെക്കുറിച്ചും ജോർജ് ഫിലിപ്പിന്റെ അനുജനു ഒരു കല്യാണത്തെക്കുറിച്ചും മറ്റും. 1100 കുംഭം 16-നു. പരുമല സിമ്മനാരി.

105. കെ. വി. സഖറിയായ്ക്കു. വർത്തമാനങ്ങൾക്കും മറ്റും. 1100 കുംഭം 12 -നു. പരുമല സിമ്മനാരിയിൽ നിന്നും.

106. വാളക്കുഴിയിൽ സ്കറിയാ കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും. 1100 കുംഭം 13-നു. പരുമല സിമ്മനാരിയിൽ നിന്നും.

107. ആറ്റുമാലിൽ സ്കറിയാ കത്തനാർക്കു. കണ്ണിന്റെ ദീനത്തിൽ ഇരിക്കുകയാണെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

108. ഇ. കെ. ഇട്ടിമാത്തു അവർകൾക്ക്. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

109. നെടുന്തെള്ളിൽ സ്കറിയാ കത്തനാർക്കു. കാണുമ്പോൾ പറഞ്ഞുകൊള്ളാമെന്നു. ടി തീയതി. ടി സ്ഥലം.

110. കൊച്ചുപറമ്പിൽ ഗീവറുഗീസു കത്തനാർക്കു റമ്പാൻ അവർകൾക്ക്. 1100 കുംഭം 12. പരുമല.

111. ജി. അലക്സാണ്ടർ മാസ്റ്റർക്കു. ടിയാന്റെ ഭാര്യയുടെ മരണത്തിൽ അനുശോചിച്ചുകൊണ്ട്. 1100 കുംഭം 19-നു. പരുമല.

112. പി. സി. കൊച്ചുമ്മൻ വാദ്ധ്യാർക്കു. വർത്തമാനങ്ങൾക്കും മറ്റും. 1100 കുംഭം 19-നു. പരുമല സിമ്മനാരി.

113. കെ. വി. ഏബ്രഹാം വക്കീലിനു. കേസുകളുടെ വിവരത്തെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

114. പാലപ്പള്ളിൽ പൗലോസു കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

115. റ്റി. റ്റി. ചാക്കോ അവർകൾക്ക്. നമ്മുടെ സ്കൂളിൽ തൽക്കാലം ഒഴിവില്ലെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

116. മാരേട്ടു മാത്യൂസ് കത്തനാർക്കു. വർത്തമാനങ്ങൾക്കും കണ്ണിന്റെ അസുഖവിവരത്തിനും മറ്റും. 1100 കുംഭം 19. പരുമല സിമ്മനാരി.

117. കൊച്ചുമെത്രാച്ചനു. വർത്തമാനങ്ങൾക്കും മറ്റും എഴുതി അയച്ചു. 1100 കുംഭം 22-നു. പരുമല സിമ്മനാരിയിൽ നിന്നും.

118. പി. പി. തൊമ്മൻ മാസ്റ്റർക്ക്. വർത്തമാനങ്ങൾക്കും മറ്റും. 1100 കുംഭം 22-നു. പരുമല സിമ്മനാരിയിൽ നിന്നും.

119. ഇ. ജെ. ഫീലിപ്പോസു ബി.എ. ബി.എൽ. അവർകൾക്കു. കേസുകളെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

120. ഇ. ജെ. ജോൺ വക്കീലിനു. കേസുകളെക്കുറിച്ചും മറ്റും. 1100 കുംഭം 22-നു. പരുമല സിമ്മനാരി.

121. മണലിൽ മാത്യൂസ് കത്തനാർക്കു. അവിടുത്തെ സിവിൽ കേസുകളിൽ കേസിന്റെ അന്യായ പകർപ്പ് അയച്ചുതരണമെന്നും മറ്റും. 1100 കുംഭം 23 -നു. പരുമല സിമ്മനാരി.



122. മുറന്തൂക്കിൽ മാത്യു കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും. 1100 കുംഭം 23-നു. പരുമല സിമ്മനാരി.

123. വർക്കിപ്പിള്ളയ്ക്കു. പൂഴിപ്പുറത്തു അയ്പ്പിന്റെ പേർക്കു കൊടുത്തിരുന്ന കേസിന്റെ അപ്പീൽ അവൻ ഹൈക്കോർട്ടിൽ കൊടുത്തിരിക്കുന്നതിനാൽ കേസിന്റെ വിവരവും റിക്കാർട്ടുകളും അയച്ചുതരണമെന്നു. 1100 കുംഭം 23-നു. പരുമല.

124. ഇ. ജെ. ഫീലിപ്പോസു അവർകൾക്കു. ടി സംഗതിയെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

125. പി. കെ. വർക്കി അവർകൾക്ക്. കണ്ണിന്റെ ചികിത്സയിൽ ആകകൊണ്ട് വന്നുചേരുന്നതിന് സാധിക്കുകയില്ലെന്നും നിങ്ങൾ നിശ്ചയിച്ചിരിക്കുന്ന സംഖ്യ അയച്ചുതരണമെന്നും മറ്റും. 1100 കുംഭം 23-നു. പരുമല സിമ്മനാരി.

126. പാലപ്പള്ളിൽ പൗലോസു കത്തനാർക്ക്. കേസുകളുടെ വിവരത്തെക്കുറിച്ചും മറ്റു വർത്തമാനങ്ങൾക്കും. ടി തീയതി. ടി സ്ഥലം.

127. കരോട്ടുവീട്ടിൽ ശീമോൻ ശെമ്മാശനു. തന്റെ ... അറിയുന്നതിൽ സന്തോഷിക്കുന്നു എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

128. ചീരാമ്യാലിൽ ഗീവറുഗീസു കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

129. പത്തിച്ചിറ പള്ളി വികാരി പുത്തൻമഠത്തിൽ സ്കറിയാ കത്തനാർക്കു. ഇപ്പോൾ പള്ളിക്കു പടിഞ്ഞാറുവശം എഴുതിവാങ്ങിച്ചിരിക്കുന്ന സ്ഥലത്തു ഒരു കുരിശു സ്ഥാപിച്ചു അവിടെ ശ്മശാനമായി ഉപയോഗിച്ചുകൊള്ളുന്നതിന് അനുവദിച്ചിരിക്കുന്നു എന്നും ... കാര്യങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

130. ... പുരയ്ക്കൽ തോമ്മാ ചാണ്ടി അവർകൾക്കു. ടിയാന്റെ അപ്പന്റെ മരണത്തെക്കുറിച്ചു അനുശോചന കല്പന. 1100 കുംഭം 29-നു. പരുമല സിമ്മനാരിയിൽ നിന്നും.

131. തയ്യിൽ ഗീവറുഗീസു കത്തനാർക്കു. ടിയാന്റെ അപ്പന്റെ മരണത്തിൽ അനുശോചിച്ചുകൊണ്ടുള്ള ഒരു കല്പന. 1100 കുംഭം 29-നു. പരുമല സിമ്മനാരി.

132. സി. വി. ഇയ്യുവിനു. വർത്തമാനങ്ങൾക്കും മറ്റും. 1100 കുംഭം 30-നു. പരുമല സിമ്മനാരി.

133. ... കോശി കത്തനാർക്ക്. വർത്തമാനങ്ങൾക്കും മറ്റും എഴുതി. 1100 കുംഭം 30-നു. പരുമല സിമ്മനാരി.

134. കൊച്ചുമെത്രാച്ചനു. വർത്തമാനങ്ങൾക്കും കേസിന്റെ വിവരത്തിനും മറ്റും. 1100 കുംഭം 17-നു. പരുമല സിമ്മനാരി.

135. കിഴക്കേയറ്റത്തു ചാക്കോ ചാക്കോ അവർകൾക്കു. വർത്തമാനങ്ങൾക്കും മറ്റും. 1100 മീനം 3-നു. പരുമല സിമ്മനാരി.

136. ചീരാമ്യാലിൽ ഗീവറുഗീസു കത്തനാർക്കു. ഏതൃഭാഗത്തു നിന്നു അത്താനാസ്യോസിന്റെ സാധനത്തിനു മറുപടി താൻ കോട്ടയം മെത്രാച്ചനുമായി ആലോചിച്ചു പ്രവർത്തിച്ചുകൊള്ളണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

137. പുത്തൂർ കുറിയാക്കോസ് കത്തനാർക്കു. എതൃകക്ഷിയിൽ നിന്നു ഇങ്ങോട്ടു ചേരുന്നതു നമുക്കു സന്തോഷമാണെന്നും അതു ഒരു രജിസ്റ്റർ ഉടമ്പടിപ്രകാരം ആവാമെന്നും വക്കീലന്മാരുടെ അഭിപ്രായപ്രകാരം ഒരു രജിസ്റ്റർ ഉടമ്പടിപ്രകാരം ആകാമെന്നും കൊച്ചുമെത്രാച്ചന്മാരോടു താൻ ആലോചിച്ചുകൊള്ളാമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

138. വി. ജെ. ഇട്ടിച്ചെറിയ ബി.എ. എൽ.ടി. അവർകൾക്കു. ഉള്ളന്നൂർകാരൻ വി. മത്തായി ബി.എ. യെക്കുറിച്ചും മറ്റും. 1100 മീനം 8-നു പരുമല സിമ്മനാരി.

139. ഇ. ഐ. ജോസഫ് അവർകൾക്കു. മല്പാൻ ഇവിടെ വന്നു രാജിക്കാര്യം പറഞ്ഞ വിവരത്തിനും അവിടെ നമ്മുടെ പ്രിയൻ കോടിമതയ്ക്കു അടുത്തു പത്തു ഏക്കർ സ്ഥലം വാങ്ങിച്ചതു നന്നായി എന്നും മറ്റും. 1100 മീനം 5-നു. പരുമല.

140. പാലപ്പള്ളിൽ പൗലോസു കത്തനാർക്കു. കോനാട്ടു മല്പാൻ ഇവിടെ വന്നിരുന്ന വിവരത്തിനും മറ്റും. ടി തീയതി. ടി സ്ഥലം.

141. ഇ. ജെ. ഫീലിപ്പോസ് ബി.എ. ബി.എൽ. അവർകൾക്കു. കേസുകളെക്കുറിച്ചും കോനാട്ടു മല്പാൻ വന്ന വിവരത്തിനും മറ്റും. ടി തീയതി. ടി സ്ഥലം.

142. കുരിശിങ്കൽ മാണി കത്തനാർക്കു. രാജികാര്യം ആലോചിക്കുന്നതിനു മല്പാൻ ഇവിടെ വന്നിരുന്ന വിവരത്തിനും മറ്റും. 1100 മീനം 5-നു. ടി സ്ഥലം.

143. കൊച്ചുമെത്രാച്ചനു. വർത്തമാനങ്ങൾക്ക്. 1100 മീനം 5-നു. പരുമല.

144. ഇ. ജെ. ഫീലിപ്പോസ് ബി.എ. ബി.എൽ. ...പ്പുറത്തു അച്ചന്റെ കേസിന്റെ റിക്കാർട്ടുകൾ അങ്ങോട്ടയച്ചിരിക്കുന്നു എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

145. പറമ്പിൽ കൊച്ചുമ്മൻ വാദ്ധ്യാർക്കു. സ്കൂൾ മേലാൽ കുഴപ്പം കൂടാതെ നടത്തിക്കൊണ്ടു പോകുന്നതിനുവേണ്ടി ശ്രമിക്കേണ്ടത് എല്ലാവരുടെയും കടമയാണെന്നും അതിനാൽ മേലാലുള്ള സ്കൂൾ വക പണം നിങ്ങളു ബാങ്കിൽ ഇട്ടുകൊള്ളണമെന്നും ആവശ്യത്തിനുള്ള പണം വാങ്ങി ചിലവു ചെയ്തു കൃത്യമായി കണക്കു എഴുതിക്കൊള്ളണമെന്നും നാം ഹെഡ്മാസ്റ്റർ ആമശകളോടു പറഞ്ഞിട്ടുണ്ടെന്നും കൊച്ചുമാമ്മച്ചൻ പണം ആവശ്യപ്പെടുന്നപക്ഷം നമ്മെ അറിയിക്കാതെ കൊടുക്കണമെന്നും മറ്റും ഗവണ്മെന്റിൽ നിന്നു കിട്ടാനുള്ള സംഖ്യയും ബാങ്കിൽ ഇടുന്നതിനെടുത്ത വാദ്ധ്യാന്മാരുടെ ശമ്പളവീതത്തിലേതു കൊടുത്തില്ലെങ്കിലും കുംഭം വരെയുള്ളതു തീർത്തുകൊടുക്കേണ്ടതു ആവശ്യമാകയാൽ ബാങ്കിൽ കിടക്കുന്ന പണത്തിൽ നിന്നു കൊടുക്കണമെന്നും മറ്റും എഴുതി അയച്ചു. 1100 മീനം 8-ാം തീയതി. പരുമല സിമ്മനാരിയിൽ നിന്നും.

146. പി. പി. തൊമ്മൻ മാസ്റ്റർക്കു. കോനാട്ടു മല്പാൻ വന്നതിനെക്കുറിച്ചും മറ്റു വിവരത്തിനും. 1100 മീനം 10-നു. പരുമല.

147. പടിഞ്ഞാറേത്തലയ്ക്കൽ അബ്രഹാംകുട്ടിക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

148. വർക്കിപ്പിള്ള അഞ്ചേരിൽ വീട്. റിക്കാർട്ടുകൾ അയച്ചുതന്നതു കിട്ടിയെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

149. കിഴക്കേയറ്റത്തു കുഞ്ഞപ്പനു. വിവരങ്ങൾക്കും മറ്റും. 1100 മീനം 10-നു. പരുമല സിമ്മനാരി.

150. പീലക്സിനോസ് മെത്രാച്ചനു. കോനാട്ടു മല്പാൻ അവിടെ വന്നിരുന്നു എന്നു കേട്ടു എന്നും സമരിയും അപ്പീൽ ഹർജി ... മായി കഴിഞ്ഞു എന്നും മറ്റും. 1100 മീനം 11. പരുമല.

151. കിഴക്കേയറ്റത്തു ചാക്കോ അവർകൾക്കു. കോട്ടയം സമരിയുടെ ഹൈക്കോടതി അപ്പീലിൽ നമുക്കു ഗുണമായി തീർച്ചചെയ്തു എന്നുള്ള വിവരത്തിനും മറ്റും. ടി തീയതി. ടി സ്ഥലം.

152. കൊച്ചുമെത്രാച്ചനു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

153. പാലപ്പള്ളിൽ പൗലോസ് കത്തനാർക്കു. ടി കാര്യം തന്നെ. ടി തീയതി. ടി സ്ഥലം.

154. ചീരാമ്യാലിൽ ഗീവറുഗീസു കത്തനാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

155. കോശി കത്തനാർക്കു, ബ്രഹ്മവാർ. അവർ എഴുതി അയച്ചിരുന്ന എഴുത്ത് കിട്ടി എന്നും റമ്പാച്ചൻ ഇവിടെ ... ആലോചിച്ചു എഴുതി അയയ്ക്കുന്നതാണെന്നും. 1100 മീനം 15-നു. പരുമല സിമ്മനാരി.

156. വി. ജെ. ഇട്ടിച്ചെറിയ അവർകൾക്ക്. ചെന്നിത്തലക്കാരൻ യോഹന്നാൻ ശെമ്മാശന്റെ സംഗതി. 1100 മീനം 17-നു. പരുമല സിമ്മനാരി.

157. ചീരാമ്യാലിൽ ഗീവർഗീസ് കത്തനാർക്കു. വർത്തമാനത്തിനും മറ്റും. 1100 മീനം 17-നു. പരുമല സിമ്മനാരി.

158. പാലപ്പള്ളിൽ പൗലൂസു കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സംഗതി. ടി സ്ഥലം.

159. ചക്കിട്ടേടത്തു തോമസു കത്തനാർക്കു. വടക്കേടത്തു തോമാച്ചൻ അയച്ച എഴുത്തിനു മറുപടി കല്പന ... കാര്യം. ടി തീയതി. ടി സ്ഥലം.

160. കെ. കെ. തോമസു വക്കീലിനു. എഴുത്തിലെ താല്പര്യപ്രകാരം ഇന്നു തന്നെ എഴുതി എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

161. മുറന്തൂക്കിൽ മാത്തു കത്തനാർക്കു. വർത്തമാനത്തിനും മറ്റും.

162. പൂപ്പള്ളിൽ വർഗീസിനു. വർത്തമാനങ്ങൾക്കു.

163. മുറിമറ്റത്തിൽ കുര്യനു. ടി സംഗതിക്കു. 1100 മീനം 19-നു. പരുമല സിമ്മനാരി.

164. സി. വി. യൗനാൻ ശെമ്മാച്ചനു. വിദ്യാർത്ഥി സംഘത്തെ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

165. കെ. കെ. സ്കറിയായ്ക്കു. വർത്തമാനങ്ങൾക്കു.

166. പട്ടശ്ശേരിൽ അലക്സന്ത്രയോസ് കത്തനാർക്കു. ടി സംഗതി.

167. മാർ പീലക്സിനോസു മെത്രാച്ചനു. സമുദായ ഭാവിനടപടി സംബന്ധിച്ചു. 1100 മീനം 21-നു. പരുമല സിമ്മനാരി.

168. ... മത്തായിക്കു. പുനരു കൊടുക്കുന്ന സംഗതികൾ വേണ്ടതു പ്രവർത്തിക്കുന്നതിനായി ഇവിടെ വരണമെന്നു. 1100 മീനം 21-നു. പരുമല സിമ്മനാരി.

169. ... പാപ്പി അവർകൾക്കു. റമ്പാച്ചൻ ... ആഴ്ച ബഥനിയിൽ തന്നെ താമസിക്കുന്നതായിരിക്കും എന്നും മറ്റും. 1100 മീനം 25-നു. പരുമല സിമ്മനാരി.

170. വാകത്താനത്തു മെത്രാച്ചനു. സമുദായകാര്യത്തെക്കുറിച്ചു. ടി തീയതി. ടി സ്ഥലം.

171. ചെറുവത്തൂർ യാക്കൂബ് കത്തനാർക്കു. ചെമ്മണ്ണൂർ പാത്തു വറിയതു എന്നവന്റെ കാര്യത്തെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

172. പണിക്കരു ഗീവറുഗീസ് റമ്പാച്ചനു. സമുദായകാര്യം. ടി തീയതി. ടി സ്ഥലം.

173. കോനാട്ടു മാക്കീൽ അബ്രഹാം കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

174. കൊച്ചുമെത്രാച്ചനു. സമുദായസംഗതി. ടി തീയതി. ടി സ്ഥലം.

16-നു ഞായറാഴ്ച വൈകിട്ടു മാവേലിക്കര പള്ളിക്കാരുടെ അപേക്ഷയനുസരിച്ചു ഏകദേശം നാലു മണിക്കു പരുമല സിമ്മനാരിയിൽ നിന്നും മാവേലിക്കരയ്ക്കു കാറിൽ മല്പാനച്ചനോടു കൂടി പോയി കൺവൻഷന്റെ പ്രാരംഭ പ്രസംഗം ആരംഭിച്ചു അന്നു രാത്രി തന്നെ തിരിച്ചു മടങ്ങി. 12 മണിയോടുകൂടി രാത്രി ഇവിടെ എത്തുകയും ചെയ്തു. 22-നു ശനിയാഴ്ച നിരണത്തു പള്ളി

ക്കാരുടെ അപേക്ഷ അനുസരിച്ചു ഒരു മണിയോടു കൂടി അവിടെ എത്തുകയും ഞായറാഴ്ച അവിടെ താമസിച്ചു രാത്രി 10 മണിയോടു കൂടി തിരിച്ചു പരുമല സിമ്മനാരിയിൽ എത്തുകയും ചെയ്തു.

175. പാലപ്പള്ളിൽ പൗലോസു കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും. 1100 മീനം 26-നു. പരുമല സിമ്മനാരി.

176. പി. പി. തൊമ്മൻ മാസ്റ്റർക്കു. ടി സംഗതി. ടി തീയതി. ടി സ്ഥലം.

177. വി. ജി. ഇട്ടിച്ചെറിയ അവർകൾക്കു. കൂമ്പാടിയിൽ പി. പി. വർക്കിയെക്കുറിച്ചും മറ്റും. 1100 മീനം 25-നു. പരുമല.

178. പഴഞ്ഞി പള്ളി കശീശന്മാർക്കു. അവരുടെ ഞെരുക്കത്തെക്കുറിച്ചു അറിയിച്ചതിനു മറുപടി. 1100 മീനം 23. പരുമല.

179. കുറിയാക്കോസ് റമ്പാച്ചനു. റമ്പാച്ചൻ കൂടി വരണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

180. പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശനു. തന്റെ പ്രയാസത്തെക്കുറിച്ചു നാം സഹതപിക്കുന്നു എന്നും നോമ്പു വീടിയിട്ടു ആലോചിക്കാവുന്നതാണെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

181. പി. കെ. ഇട്ടിമാത്തുവിനു. വർത്തമാനങ്ങൾക്ക്. ടി തീയതി. ടി സ്ഥലം.

182. തയ്യിൽ കുഞ്ഞുവർക്കിക്ക്. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

183. വി. ജി. തോമസിനു. ബി.എ. യ്ക്കു പഠിക്കാൻ പോകുന്നതു നമുക്കു സന്തോഷമാണെന്നും മറ്റും. 1100 മീനം 28. പരുമല.

184. കൊച്ചുമെത്രാച്ചന്. വർത്തമാനങ്ങൾക്കും മറ്റും എഴുതി. 1100 മീനം 29-നു. പരുമല സിമ്മനാരി.

185. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾക്ക്. ടി തീയതി. ടി സ്ഥലം.

186. വാകത്താനത്തു മെത്രാച്ചനു. നിരണത്തുകാരുടെ അപേക്ഷയനുസരിച്ച് അവിടെ എഴുന്നള്ളി താമസിക്കുമെന്ന് വിശ്വസിക്കുന്നു. 1100 മേടം 1-നു. പരുമല സിമ്മനാരി.

187. കൊച്ചുമെത്രാച്ചനു. കാതോലിക്കാ വാഴ്ചയെക്കുറിച്ചു. 1100 മേടം 1-നു. പരുമല.

188. പി. റ്റി. ഗീവറുഗീസു റമ്പാച്ചൻ എം.എ. ഒ.ഐ.സി. അവർകൾക്കു. മേൽപറഞ്ഞ കാര്യം തന്നെ. ടി തീയതി. ടി സ്ഥലം.

189. ചെറുവത്തൂർ മാത്തു ഉതുപ്പിനു. മകന്റെ കാര്യത്തെക്കുറിച്ചു ആശീർവാദ കല്പന. 1100 മേടം 2-നു. പരുമല.

190. കൊച്ചുപറമ്പിൽ സ്കറിയാ കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും. മകളുടെ കല്യാണത്തിനു ആശീർവാദം. ടി തീയതി. ടി സ്ഥലം.

191. തെങ്ങുംതറയിൽ ഗീവറുഗീസു കത്തനാർക്കു. ശെമ്മാശന്മാരുടെ പഠിത്തത്തെക്കുറിച്ച് ആശീർവാദം. 1100 മേടം 2-നു. പരുമല.

192. കാട്ടൂർ പള്ളി വികാരി മണ്ണിൽ അബ്രഹാം കത്തനാർക്കു. ആ പള്ളി ഇടവകയിൽ കൂടിവരുന്നവരിൽ കിഴക്കേ ... 1100 മേടം 2-നു. പരുമല.

193. കെ. സി. മാമ്മൻ മാപ്പിള അവർകൾക്കു. കാതോലിക്കാ വാഴ്ചയെക്കുറിച്ചും മറ്റും. 1100 മേടം 8-നു. പരുമല.

194. ഉപ്പൂട്ടിൽ കുഞ്ഞച്ചൻ. മകളുടെ കല്യാണത്തെക്കുറിച്ചു ആശീർവാദകല്പന. 1100 മേടം 9-നു. പരുമല.

195. കൂടത്തുംമുറിയിൽ കീവർച്ചനു. മകന്റെ കല്യാണത്തിനു ആശീർവാദ കല്പന. ടി തീയതി. ടി സ്ഥലം.

196. വി. റ്റി. മാത്തുത്തരകനു. മല്ലപ്പള്ളിക്കാരൻ ... മറ്റും. ടി തീയതി. ടി സ്ഥലം.

197. കൊച്ചുപറമ്പിൽ സ്കറിയാ കത്തനാർക്കു. കല്യാണകാര്യത്തെക്കുറിച്ചും മറ്റും. 1100 മേടം 18-നു. പരുമല.

198. പി. വി. തൊമ്മൻ മാസ്റ്റർക്കു. വർത്തമാനങ്ങൾക്കു. 11-9-1100.

199. റ്റി. ഫീലിപ്പോസു വക്കീലിനു. മകന്റെ കല്യാണത്തിനു ആശംസാ കല്പന. 1100 മേടം 11. പരുമല.

200. ... ചാക്കോ കോര അവർകൾക്ക്. വെട്ടിക്കൽ ദയറാ കാര്യം. ടി തീയതി. ടി സ്ഥലം.

201. മാരേട്ട് ഫീലിപ്പോച്ചനു. വർത്തമാനങ്ങൾക്ക്. ടി തീയതി. ടി സ്ഥലം.

202. കിഴക്കേയറ്റത്തു കുഞ്ഞപ്പനു. ടി സംഗതി. ടി തീയതി. ടി സ്ഥലം.

203. കരോട്ടുവീട്ടിൽ കുഞ്ഞിക്കോര മത്തായി. ടി സംഗതി. ടി തീയതി. ടി സ്ഥലം.

204. ചീരാമ്യാലിൽ ഗീവറുഗീസു കത്തനാർക്കു. ടി സംഗതി. ടി തീയതി. ടി സ്ഥലം.

205. പുലിക്കോട്ടിൽ യൗസേപ്പ് ഡീക്കനു. ടി സംഗതി. ടി തീയതി. ടി സ്ഥലം.

206. കൊച്ചുപറമ്പിൽ സ്കറിയാ കത്തനാർക്കു. മട്ടയ്ക്കൽ മല്പാൻ അങ്ങോട്ടു വരുന്നതിനു സാധിക്കയില്ലെന്നറിയുന്നതിനും വിവരങ്ങൾക്കും. 1100 മേടം 12-നു. പരുമല സിമ്മനാരി.

207. പാലപ്പള്ളിൽ പൗലോസു കത്തനാർക്കു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

208. ... തോമ്മസിനു. മകളുടെ കല്യാണത്തിന് ആശീർവ്വാദ കല്പന. ടി തീയതി. ടി സ്ഥലം.

209. കുറിയാക്കോസു റമ്പാച്ചനു. ഇത്രടം വരണമെന്നു. ടി തീയതി. ടി സ്ഥലം.

210. നെടുന്തെള്ളിൽ സ്കറിയാ കത്തനാർക്കു. രാജിയെക്കുറിച്ചും മറ്റും എഴുതിയതിനു മറുപടി. 1100 മേടം 12-നു പരുമല.

211. പത്രോസു മത്തായി വക്കീലിനു. ഇത്രടം വരണമെന്നും മറ്റും. 1100 മേടം 12-നു പരുമല.

212. വടക്കേത്തലയ്ക്കൽ സ്കറിയാ കത്തനാരവർകൾക്ക്. മകളുടെ കല്യാണത്തിനു ആശീർവാദ കല്പന. ടി തീയതി. ടി സ്ഥലം.

... പരുമല നിന്നും 19-നു ചൊവ്വാഴ്ച ഇലഞ്ഞിക്കൽ ഉതുപ്പച്ചന്റെ ശവസംസ്ക്കാരത്തിനു രാവിലെ വള്ളം വഴി നിരണത്തു പള്ളിയിൽ എത്തി സംസ്കാര ശുശ്രൂഷയ്ക്കുശേഷം 4 മണിയോടു കൂടി തിരികെ ഇവിടെയെത്തി.

213. എ. ഫീലിപ്പോസു വക്കീലിനു, വർത്തമാനങ്ങൾക്കും മറ്റും. 22-9-1100. പരുമല.

214. കെ. വി. ഏബ്രഹാം വക്കീലിനു. വർത്തമാനങ്ങൾക്ക്. ടി തീയതി. ടി സ്ഥലം.

215. വടക്കേടത്ത് ഗീവറുഗീസു കത്തനാർക്കു. വർത്തമാനങ്ങൾക്കും ... വിവരത്തിനും മറ്റും. 1100 മേടം 13-നു പരുമല.

216. കുറ്റിക്കണ്ടത്തിൽ അലക്സന്ത്രയോസ് കത്തനാർക്കു. ഇത്രടം വന്നു കണ്ടു സംസാരിക്കുന്നതിനു നാം നിർബന്ധിക്കുന്നു എന്നും മറ്റും. 1100 മേടം 23. പരുമല.

217. പാലപ്പള്ളിൽ പൗലോസു കശീശ്ശായ്ക്കു. വർത്തമാനങ്ങൾക്കും മറ്റും. 1100 മേടം 23. പരുമല.

218. സി. റ്റി. മാത്തുത്തരകന്. കല്യാണ കാര്യത്തെക്കുറിച്ചു മുൻ എഴുതിയിരുന്ന സംഗതി തന്നെ. 1100 മേടം 23. പരുമല.

219. ചെറിയമഠത്തിൽ യാക്കൂബ് കത്തനാർക്കു. വർത്തമാനങ്ങൾക്കും റിശീസാ അയക്കുന്നതിനും മറ്റും. 1100 മേടം 23. പരുമല.

220. തഴവാ പുത്തൻപുരയിൽ കോശി കത്തനാർക്കു. രണ്ടാം വിവാഹത്തിനു കൂടുതൽ സംഖ്യയ്ക്കു പസാരവും നടവഴക്കവും വാങ്ങിക്കണമെന്നും റിശീസാ അയച്ചുതരണമെന്നും മറ്റും. 1100 മേടം 23. പരുമല.

221. നിലയ്ക്കൽ പള്ളി കൈക്കാരനു. റിശീസായ്ക്കു വേണ്ടി. 1100 മേടം 24-നു. പരുമല.

222. കോട്ടയം ചെറിയപള്ളി വികാരി യാക്കൂബ് കത്തനാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

223. കുറിച്ചിപള്ളി കശീശന്മാർക്കു. ടി സംഗതി. ടി തീയതി. ടി സ്ഥലം.

224. കുഴിമറ്റത്തു പള്ളി വികാരി പട്ടശ്ശേരിൽ അലക്സന്ത്രയോസ് കത്തനാർക്കു.

(തുടരും)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്


സഭാചരിത്രം



മലമടക്കിലെ കെടാവിളക്ക്

ഫാ. കുറിയാക്കോസ് ഒ.ഐ.സി.

മലങ്കര ഓർത്തഡോക്സ് സഭയിലെ പ്രഥമ സന്യാസ സമൂഹമായ റാന്നി–പെരുനാട് ബഥനി ആശ്രമത്തിന്റെ ചരിത്രം ആശ്രമാംഗമായിരുന്ന ഫാ. കുറിയാക്കോസ് ഒ.ഐ.സി. രചിച്ച് പ്രശസ്ത പത്രപ്രവർത്തകനായ കെ. വി. മാമ്മൻ എഡിറ്റ് ചെയ്ത് 1994–ൽ ബഥനി ആശ്രമം പ്രസിദ്ധീകരിച്ചിരുന്നു. സമകാലിക ചരിത്രരേഖകൾ കൂട്ടിച്ചേർത്തുകൊണ്ടുള്ള ആ ഗ്രന്ഥത്തിന്റെ പരിഷ്ക്കരിച്ച രൂപം സത്യാന്വേഷികൾക്കായി പ്രസിദ്ധീകരിക്കുന്നു.



6

ഫാ. അലക്സിയോസ് തിരികെ ആശ്രമത്തിൽ

ഫാ. അലക്സിയോസ് ബഥനി ആശ്രമത്തിൽ മടങ്ങിവന്ന് താമസിച്ച അവസരത്തിൽ ആശ്രമാദ്ധ്യക്ഷന്റെ ചിന്താഗതിയിലും പ്രവർത്തനശൈലിയിലും കാര്യമായ മാറ്റങ്ങൾ വന്നതായി ബോദ്ധ്യപ്പെട്ടു. സ്ഥാനത്തും അസ്ഥാനത്തും മലങ്കരസഭയുടെ ശോചനീയാവസ്ഥയെപ്പറ്റിയും അപകടാവസ്ഥയെപ്പറ്റിയും അതേ അവസരത്തിൽ റോമൻ കത്തോലിക്കാ സഭയുടെ മേന്മകളെക്കുറിച്ചും സാമ്പത്തിക ഐശ്വര്യങ്ങളെക്കുറിച്ചും ആശ്രമാംഗങ്ങളെ ബോധവൽക്കരിക്കത്തക്കവിധമുള്ള ഒരു പ്രവർത്തനശൈലിയായിരുന്നു മാർ ഈവാനിയോസിൽ കണ്ടത്. തിരുമൂലപുരം ബഥനി മഠത്തിലും മാർ ഈവാനിയോസ് ഈ സമീപനം തന്നെ സ്വീകരിച്ചു.

പെരുനാട് ബഥനി ആശ്രമത്തിൽ നടന്ന ഒരു സംഭവം പറയട്ടെ. ഒരു ദിവസം രാത്രി ഏഴു മണിക്ക് പതിവുപോലുള്ള ആശ്രമസ്ഥരുടെ സമ്മേളത്തിൽ ആശ്രമാദ്ധ്യക്ഷൻ മാർ ഈവാനിയോസ് ഒരു സുറിയാനി നമസ്കാരപ്പുസ്കം കൊണ്ടുവന്ന് ഒരു ശ്ലോകം ചൊല്ലിക്കേൾപ്പിച്ചു. 'അൽ ശെമവൂൻ കീപ്പോ ബനിയോനേ' എന്നു തുടങ്ങുന്ന ഒരു പാട്ടായിരുന്നു അത്. സന്യാസിമാരോട് അതിന്റെ അർത്ഥം പറയുവാൻ അദ്ദേഹം ആവശ്യപ്പെട്ടു. അവിടെ സന്നിഹിതരായിരുന്ന വളരെ ചുരുക്കംപേർക്കേ സുറിയാനി ഭാഷ വായിക്കാൻ വേണ്ടത്ര അറിവുണ്ടായിരുന്നുള്ളു. അദ്ദേഹത്തിന്റെ ചോദ്യത്തിന് ആരും മറുപടി നൽകാതെ മൗനം പാലിച്ചു. ഒടുവിൽ അദ്ദേഹം തന്നെ അതിന്റെ അർത്ഥം വ്യാഖ്യാനിച്ചു പറയാൻ തുടങ്ങി: 'ശെമവൂൻ കീപ്പായെ നിന്റെമേൽ ഞാൻ എന്റെ സഭയെ പണിയും' എന്നുള്ള തർജ്ജമ തുടങ്ങിയിട്ട് അദ്ദേഹം വ്യാഖ്യാനം ആരംഭിച്ചു: "ശെമവൂൻ കീപ്പായുടെ മേലാണ് കർത്താവു സഭയെ പണിതിരിക്കുന്നത്. ഈ വസ്തുത സുറിയാനി സഭാപിതാക്കന്മാർ സമ്മതിച്ചിട്ടുള്ളതാണല്ലോ. പത്രോസിന്റെ യഥാർത്ഥ പിൻഗാമി റോമാ പാപ്പായാണ്. മാർപ്പാപ്പായ്ക്കാണ് ആഗോള ക്രൈസ്തവ സഭയുടെ പൂർണാധികാരം."

ഈ കേട്ടതിനെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്താണ് എന്നൊരു ചോദ്യവും. ഇതിനും ആരും ഒന്നും മറുപടി പറഞ്ഞില്ല. മൗനം തുടരുകയാണ്. ഈ അവസരത്തിൽ ഫാ. അലക്സിയോസിനോടായിട്ട് 'ആബൂനാ എന്താണ് ഒന്നും മിണ്ടാത്തത്?' എന്നു പ്രത്യേകം എടുത്തു ചോദിച്ചു. ഫാ. അലക്സിയോസ് ശാന്തനായി നൽകിയ മറുപടി 'പിതാവേ! പിതാവ് വ്യാഖ്യാനിച്ച അർത്ഥമാണ് യഥാർത്ഥത്തിൽ അതിനുള്ളതെങ്കിൽ ആ പ്രാർത്ഥനാഗീതം എഴുതിയ സഭാപിതാക്കന്മാർ അക്കാലത്തുതന്നെ റോമൻ കത്തോലിക്കാ സഭയിൽ ചേരുമായിരുന്നല്ലോ' എന്നായിരുന്നു. ഇതു കേട്ട മാത്രയിൽതന്നെ കൈയിലി

രുന്ന സുറിയാനിപ്പുസ്തകം മടക്കി ആശ്രമാദ്ധ്യക്ഷൻ സമ്മേളനം പിരിച്ചുവിട്ടു. ഈ രംഗം മേൽപ്പറഞ്ഞ യോഗത്തിൽ ഹാജരായിരുന്ന പരേതനായ ഫാ. മത്തായി ഒ.ഐ.സി. തന്നെ പിൻതലമുറയിൽപ്പെട്ട ആശ്രമസ്ഥരോട് പല പ്രാവശ്യം വിവരിച്ചിട്ടുള്ളതാണ്.

ഫാ. അലക്സിയോസിന്റെ ഈ മറുപടിയിൽ നിന്ന് അദ്ദേഹത്തിന്റെ റോമാ സഭയോടുള്ള സമീപനം എന്തായിരുന്നുവെന്ന് മനസ്സിലാക്കുവാൻ അതിബുദ്ധിമാനായ മാർ ഈവാനിയോസിനു കഴിഞ്ഞു. അക്കാലയളവിലാണു ബഥനിപ്പള്ളികളെ സംബന്ധിച്ച മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ നിരോധനാജ്ഞ മാർ ഈവാനിയോസിനു ലഭിക്കുന്നത്. ഫാ. അലക്സിയോസിന്റെ അഭിപ്രായവും സ്വാധീനവും ആശ്രമത്തിലും മഠത്തിലും വ്യാപിക്കുമോ എന്നൊരു ശങ്ക ആശ്രമാദ്ധ്യക്ഷന്റെ മനസ്സിൽ അങ്കുരിച്ചു.

തുടർന്ന് ഫാ. അലക്സിയോസിന്റെ ആരോഗ്യകാര്യത്തിൽ അദ്ദേഹം പ്രത്യേക താല്പര്യമെടുക്കുകയാണുണ്ടായത്. പിറ്റെദിവസം രാവിലെ കാര്യസ്ഥനെ വിളിച്ച് "പാപ്പീ! നീ കണ്ടില്ലേ, ആബൂനാ എത്രമാത്രം ക്ഷീണിച്ചുപോയി. നമുക്കുവേണ്ടി അയാൾ എന്തുമാത്രം പണം പിരിച്ചുകൊണ്ടു വന്നു. ഇങ്ങനെ പോയാൽ അയാളുടെ ആരോഗ്യം താറുമാറാകും. അടുത്ത തിങ്കളാഴ്ച മുതൽ നൂറ്റൊന്ന് ആവർത്തിച്ച എണ്ണ സേവിക്കയാണ്. അത് ആരംഭിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യണം. ഇതാ കുറച്ചു രൂപാ. പണമില്ലെന്നു കണ്ട് നീ പിശുക്കൊന്നും എടുക്കേണ്ട. അയാൾ പിരിച്ചുകൊണ്ടുവന്ന രൂപയല്ലേ ഉള്ളത്" എന്നു പറഞ്ഞു.

കാര്യം ശരിയാണല്ലോ. കാര്യസ്ഥൻ പാപ്പി വേണ്ട ഏർപ്പാടുകൾ എല്ലാം ചെയ്തു. പിറ്റെ ഞായറാഴ്ച വൈകിട്ട് സമ്മേളനം കൂടി. ആശ്രമപിതാവ് എല്ലാവരോടും പറയുകയാണ്: "മക്കളേ! നാളെ മുതൽ നമ്മുടെ പ്രിയപ്പെട്ട ആബൂനായ്ക്ക് കഠിന പത്ഥ്യവും വിശ്രമവും എണ്ണസേവ മൂലം ആവശ്യമാണ്. ആബൂനാ മടങ്ങി വന്നിട്ട് രണ്ടാഴ്ച കഴിഞ്ഞല്ലോ. അദ്ദേഹത്തിന്റെ യാത്രാവിവരണവും തമാശകളും ഒക്കെ നിങ്ങൾ കേട്ടു. അതു മതി. നാളെ മുതൽ ആരും ആബൂനായെ ശല്യപ്പെടുത്തരുത്. അത്യാവശ്യമെന്നു തോന്നുന്നെങ്കിൽ വരാന്തയിൽ വന്ന് തിരനോട്ടം നടത്തിപ്പോകാം. ആരും മിണ്ടരുത്." പുതുതായി സന്യാസാർത്ഥിയായി വന്ന കല്ലൂപ്പാറക്കാരൻ ഗീവറീച്ചനോട്, "എടോ ഗീവറീച്ചാ! നീ വേണം ആബൂനായുടെ ഭക്ഷണം, കുളി മുതലായ കാര്യങ്ങളിൽ സഹായിക്കുവാൻ. ബാക്കി കാര്യങ്ങൾ എല്ലാം പാപ്പി നോക്കിക്കൊള്ളും." അങ്ങനെ ആബൂനായ്ക്ക് കഠിനപത്ഥ്യം ആരംഭിച്ചു.

പതിവുപോലെ ആശ്രമസ്ഥരെ റോമാ സഭയിലേക്ക് കൊണ്ടുപോകുവാൻ ഉള്ള പരിപാടി ആശ്രമാദ്ധ്യക്ഷൻ തുടർന്നു. ഈ 'ബ്രെയിൻവാഷ്' പദ്ധതി കൊണ്ട് സഹികെട്ടിട്ട് ചിലരെല്ലാം ആശ്രമം വിട്ടുപോയി. ചിലരെല്ലാം ചുറ്റുമുള്ള തോട്ടങ്ങളിൽ ജോലി ചെയ്തിരുന്ന ഓർത്തഡോക്സ് സഭാംഗങ്ങളായ ഉദ്യോഗസ്ഥന്മാരുടെ വീടുകളിൽ ഒളിച്ചുപാർത്തു. മാർ ഈവാനിയോസും അനുയായികളും 1106 ചിങ്ങം 4-നു ബഥനി ആശ്രമം വിട്ട് വെണ്ണിക്കുളത്തു പോയി താമസിക്കുവാൻ വേണ്ട ഏർപ്പാടുകൾ രഹസ്യമായി ചെയ്തു.

മലങ്കര സുറിയാനിസഭയിൽ പാരമ്പര്യമായി ഉപയോഗിച്ചുവന്നിരുന്ന ആരാധനക്രമങ്ങളിൽ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ അറിവും അനുവാദവും



പ. പാമ്പാടി തിരുമേനി, പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്, പ. ഗീവർഗീസ് രണ്ടാമൻ കാതോലിക്കാ ബാവാ, ബഥനി ഗീവർഗീസ് മാർ ഈവാനിയോസ്, ബഥനി മാർ തെയോഫിലോസ്.



പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസും ബഥനി ഗീവർഗീസ് മാർ ഈവാനിയോസും.

കൂടാതെതന്നെ ഏതാനും ബഥനി വൈദികർ ചില വ്യത്യാസങ്ങൾ വരുത്തി ചില ബഥനിപ്പള്ളികളിൽ ഉപയോഗിച്ചു വന്നു. 1930 ആഗസ്റ്റ് 18-നു ഞായറാഴ്ച പെരുനാട് ബഥനിപ്പള്ളിയിൽ മാർ തെയോഫിലോസും ആശ്രമം ചാപ്പലിൽ മാർ ഈവാനിയോസും വി. കുർബ്ബാന അനുഷ്ഠിച്ചു. ബഥനി മെത്രാന്മാർ റോമൻ കത്തോലിക്കാ സഭയെ ആശ്ലേഷിക്കുവാൻ പോകുന്നു എന്നു പരസ്യമായി പ്രചരിച്ചിരുന്ന കാലമായിരുന്നു അത്. അയിരൂർ, കോഴഞ്ചേരി, കടമ്മനിട്ട, കാട്ടൂർ, വയലത്തല, കീക്കൊഴൂർ, വടശ്ശേരിക്കര മുതലായ സമീപപ്രദേശങ്ങളിലെ ധാരാളം പ്രമാണികൾ തദ്ദേശവാസികളോടൊപ്പം അന്ന് പെരുനാട് ബഥനിപ്പള്ളിയിൽ എത്തിയിരുന്നു. വി. കുർബ്ബാന മദ്ധ്യേയുള്ള തുബ്ദേൻ വായനവേളയിൽ നമ്മുടെ പാത്രിയർക്കീസായ "മാർപാപ്പാ" എന്ന പേരാണ് കേട്ടത്. ഇതു കേട്ടവരെല്ലാം ഞെട്ടി. അന്യോന്യം നോക്കി. ആരും ഒച്ചപ്പാടൊന്നും ഉണ്ടാക്കിയില്ല. വി. കുർബ്ബാനയുടെ ഒടുവിൽ കൊച്ചുമെത്രാച്ചൻ കൈമുത്തിക്കാനാരംഭിച്ചപ്പോൾ 'ബഥനി' ട്രസ്റ്റികളിലൊരാളായ ഐ. എം. ഇടിക്കുളയുടെ ഭാര്യ ആച്ചിയമ്മ സധൈര്യം മുന്നോട്ടു വന്ന് ഒരു പ്രസ്താവന നടത്തി: "ഇന്നത്തെ വി. കുർബ്ബാന പതിവുപോലുള്ള കുർബ്ബാന ആയിരുന്നില്ല. ഏതോ ഒരു പുതിയ പാത്രിയർക്കീസിന്റെ പേരാണ് കേട്ടത്. അതുകൊണ്ടിന്ന് കൈമുത്തു വേണ്ട." ഇതു കേട്ടവർ കേട്ടവർ കൈ മുത്താതെയും കാണിക്കപോലും ഇടാതെയും പള്ളിയിൽ നിന്നു പുറത്തിറങ്ങി മരത്തണലിൽ കൂട്ടമായി നിന്ന് സംസാരിച്ചു പിരിഞ്ഞു. അന്നത്തെ പള്ളിയാരാധന അങ്ങനെയാണ് സമാപിച്ചത്. മലയുടെ അടിവാരത്തിൽ സ്ഥിതിചെയ്യുന്ന പെരുനാട് ബഥനിപ്പള്ളിയിൽ നടന്ന ഈ സംഭവം മലയുടെ നെറുകയിലെ ആശ്രമത്തിൽ കഴിഞ്ഞ മാർ ഈവാനിയോസ് വിശദമായി അറിഞ്ഞു.

7

മാർ ഈവാനിയോസ് റോമാസഭയിലേക്ക്

ബഥനി സ്ഥാപനത്തിനു മുമ്പ് 1917 ഇടവം 3-നു കോട്ടയം സെമിനാരിയിൽ നിന്ന്, മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് കൽക്കട്ടയിൽ താമസിച്ചിരുന്ന ഫാ. പി. റ്റി. ഗീവർഗീസിന് അയച്ച കല്പനയിലെ ഒരു ഭാഗം ഇവിടെ അവതരിപ്പിക്കട്ടെ: "നമുക്ക് ഒരു വിശ്വസ്തനും സത്യസ്നേഹിതനും ഉണ്ടെങ്കിൽ അതു താനാണെന്നു നാം അറിയാത്തവനല്ല" (*റീത്തുപ്രസ്ഥാന രഹസ്യങ്ങൾ*, പേജ് 14).

മലങ്കര സുറിയാനി സഭയെ അടിമത്തത്തിൽ നിന്നു മോചിപ്പിച്ച പരമഭക്തനും അഗാധ പണ്ഡിതനും സാത്വികനുമായ മലങ്കരസഭാ ഭാസുരൻ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീന്നാസ്യോസ് മെത്രാപ്പോലീത്താ ആഭ്യന്തര കലഹ

ങ്ങളും കേസുകളും കൊണ്ട് കലങ്ങിമറിഞ്ഞ് ആത്മീയമായി ക്ഷീണിച്ചിരുന്ന മലങ്കരസഭയുടെ ഉദ്ധാരണത്തിന് നേതൃത്വം നൽകുവാൻ ഫാ. പി. റ്റി. ഗീവറുഗീസിനെ പുത്രതുല്യം സ്നേഹിച്ച്, ആറ്റുനോറ്റു വളർത്തി, വലുതാക്കി, പഠിപ്പിച്ച്, മിടുക്കനാക്കി. തുടർന്ന് മേല്പട്ടസ്ഥാനവും കൊടുത്ത്, മലങ്കരസഭയുടെ ആത്മീയ നവോത്ഥാനത്തിനായി തുടങ്ങിയ ബഥനി ആശ്രമത്തിന്റെ ചുമതലയും ഭരമേല്പിച്ചു. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ, പാമ്പിനു പാൽ കൊടുത്തതുപോലെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ, കിട്ടാവുന്നതെല്ലാം സംഭരിക്കുകയും മാതൃസഭയെ ഉപേക്ഷിക്കുകയും റീത്തുപ്രസ്ഥാനം സ്ഥാപിക്കുകയും ചെയ്തുകൊണ്ട് റോമാസഭയിൽ ചേർന്നു എന്നുള്ള ദുഃഖസത്യം ഓർത്തഡോക്സ് സഭയിലെ ബഥനി ആശ്രമ ചരിത്രത്തിലെ ഒരു ഇരുണ്ട അദ്ധ്യായം തന്നെയാണ്.

മലങ്കരസഭയുടെ പുനരുദ്ധാരണത്തിന്റെ പ്രതീകവും ആശാകേന്ദ്രവുമായി കരുതിയിരുന്ന ബഥനി സമൂഹത്തിലെ ചില അംഗങ്ങൾക്കു പുറമെ സഭയുടെ വിവിധ കേന്ദ്രങ്ങളിലുണ്ടായിരുന്ന കുറെ ബഥനിപ്പള്ളികളും 70-ൽ അധികം എം.ഡി. സ്കൂളുകളുടെ മാനേജ്മെന്റും (മലങ്കര മെത്രാപ്പോലീത്തായെ തിരികെ ഏല്പിക്കാതെ) ഏറ്റെടുത്തു 1106 ആദ്യം (1930) മാർ ഈവാനിയോസ് റോമാസഭയിൽ ചേരുകയാണ് ഉണ്ടായത്. 1930 ഓഗസ്റ്റ് 20-ന് അദ്ദേഹവും ചില അനുയായികളും പെരുനാട് ബഥനി ആശ്രമം വിട്ടിറങ്ങി. ഏതായാലും മുണ്ടൻമലയിലെ ജലപാതംപോലെ ഭാഗീരഥി ഹിമവാനിൽ നിന്നു പതിച്ചു. ഇനിയൊരു പിന്മടങ്ങൽ അസാധ്യം. ഒഴുക്കു കീഴ്പ്പോട്ടു തന്നെ. ഒരുപക്ഷേ ഈ പ്രയാണം പാതാളത്തിലേക്കാണെങ്കിൽ അങ്ങോട്ടാവട്ടെ. തന്റെ ആത്മികവും ഐഹികവുമായ എല്ലാ അഭിവൃദ്ധിക്കും നിദാനമായ വട്ടശ്ശേരിൽ തിരുമേനിയുടെ വർദ്ധക്യകാലത്തു ശിഷ്യൻ ചെയ്ത ഈ കുലംകുത്തിമറിച്ചിൽ ഗുരുവിനേല്പിച്ച ആ ആഘാതം എത്ര കഠിനമായിരുന്നു എന്ന് പറഞ്ഞറിയിക്കാനാവില്ല. മാർ ഈവാനിയോസിന്റെ സഭാപരിവർത്തനകാലത്ത് തിരുവല്ലാ ബാലികാമഠം വിദ്യാർത്ഥിനിയും പിൽക്കാലത്ത് പെരുനാട്ടിൽ സ്ഥാപിതമായ ഓർത്തഡോക്സ് ബഥനിമഠത്തിലെ സുപ്പീരിയറും ആയിരുന്ന പരേതയായ മദർ ഹന്ന എസ്.ഐ.സി. യുടെ ലേഖനത്തിൽ നിന്ന്:

"ബഥനിയുടെ ആരംഭത്തിൽ എം.എ. അച്ചനും അലക്സിയോസ് അച്ചനും പിരിവുകൾക്കായി പള്ളികൾ സന്ദർശിച്ചിരുന്ന കാലത്ത് അവരുടെ പ്രസംഗങ്ങൾ കേൾക്കുന്നതിന് അവസരം ലഭിച്ചിട്ടുള്ള ഞങ്ങൾ (സിസ്റ്റർ ദീനായും ഞാനും) അന്ന് ബാലികാമഠത്തിലാണ് പഠിച്ചിരുന്നത്. ബഥനി സ്ഥാപകരുടെ പ്രസംഗങ്ങൾ ഞങ്ങളിൽ കൊളുത്തിയ സന്യാസജീവിതാഭിനിവേശം ബഥനി മഠവുമായുള്ള നിരന്തര സമ്പർക്കത്താൽ കൂടുതൽ ശക്തിപ്പെട്ടു. ബാലികാമഠത്തിൽ ചാപ്ലെയിനായിരുന്ന ആബൂനാ അലക്സിയോസിനെ ഞങ്ങളുടെ അഭിലാഷം അറിയിച്ചതിനുശേഷം, സന്യാസജീവിതത്തിനു വേണ്ടി കാത്തിരുന്ന ഞങ്ങളെ ബഥനിയുടെ മാർ ഈവാനിയോസ് മാതൃസഭയെ ഉപേക്ഷിച്ചു എന്ന വാർത്ത ഞെട്ടിച്ചു. മാർ ഈവാനിയോസിന്റെ ഈ കടുത്ത വഞ്ചന ഞങ്ങളുടെ ഹൃദയങ്ങളെ തളർത്തിക്കളഞ്ഞു. കെട്ടിയുയർത്തിയ പ്രതീക്ഷകൾ എങ്ങനെ സാക്ഷാൽക്കരിക്കുമെന്നുള്ള ചിന്ത ഞങ്ങളെ അലട്ടി. 'പ്രാർത്ഥനാപൂർവ്വം കാത്തിരിക്കുക' എന്ന ആബൂനായുടെ വാക്കുകൾ ഞങ്ങൾക്ക് ധൈര്യവും ആശ്വാസവും പകർന്നുതന്നു" (*ബഥനിയുടെ പനിമലർ*, 1976, പേജ് 153).

മലങ്കരസഭയെ പരിത്യജിച്ച് റോമാ സഭയിൽ ചേരുവാൻ മാർ ഈവാനിയോസിനെ യഥാർത്ഥത്തിൽ പ്രേരിപ്പിച്ച വസ്തുത എന്തായിരുന്നു എന്ന് റീത്തുകാരുടെയും ബഹുജനങ്ങളുടെയും പ്രത്യേകിച്ച് മലങ്കര സഭാംഗങ്ങളുടെ ഇടയിലും വിവിധങ്ങളായ അഭിപ്രായങ്ങളാണ് അന്നും ഇന്നും നിലവിലുള്ളത്. "മാർ ഈവാനിയോസിന്റെ സഭാഭ്രംശത്തിനുള്ള കാരണങ്ങൾ പലതാണ്:

1. മലങ്കരസഭയിലെ കാതോലിക്കാ സ്ഥാപനം.
2. സഭയിലെ തീരാത്ത കേസുകൾ.
3. റീത്തുപ്രസ്ഥാന നേതൃത്വവാഗ്ദാനം." (*രണ്ടായിരം വർഷം പിന്നിട്ട മലങ്കരസഭ*, എഡിറ്റർ: കെ. വി. മാമ്മൻ, പേജ് 76).

നിർമ്മല വിശ്വാസസത്യങ്ങളെ ആശ്ലേഷിക്കുവാനുള്ള ആത്മാർത്ഥമായ അഭിവാഞ്ഛയും ആത്മീയമായ സമ്പൂർണതയുടെ തികവും ലക്ഷ്യമാക്കിയുള്ള തീർത്ഥാടനമായിരുന്നു അദ്ദേഹത്തിന്റെ മതപരിവർത്തനം എന്നത്രെ മാർ ഈവാനിയോസിന്റെയും അനുയായികളുടെയും ഔദ്യോഗിക ഭാഷ്യം. പിൽക്കാലത്ത് പല സ്ഥലങ്ങളിലും സന്ദർഭങ്ങളിലും ആയി മാർ ഈവാനിയോസും മറ്റും ചെയ്തിട്ടുള്ള പ്രഖ്യാപനങ്ങളിൽ നിന്ന് ഇത് വ്യക്തമാകും. എന്നാൽ തന്റെ ഈ നിലപാടിനെയും ആത്മാർത്ഥതയെയും ചോദ്യംചെയ്തുകൊണ്ടുള്ള നിശിത വിമർശനങ്ങളാണ് മറുപക്ഷത്തു നിന്നുണ്ടായിട്ടുള്ളത്. തന്റെ റോമാസഭാ പ്രവേശനത്തെക്കുറിച്ച് മാർ ഈവാനിയോസ് പിന്നീട് പറഞ്ഞിട്ടുള്ളതെന്താണെന്ന് കെ. വി. മാമ്മന്റെ മുൻപറഞ്ഞ പുസ്തകത്തിൽ ഒരു ഭാഗത്ത് ഇങ്ങനെ കാണുന്നു.

1949-ൽ പട്ടം അരമനയിൽ വച്ച് പത്തനംതിട്ടയിൽ നിന്ന് തിരുവനന്തപുരം കോളജുകളിൽ വിദ്യാർത്ഥികളായിരുന്ന കെ. വി. മാമ്മനും അടുത്തകാലത്ത് അന്തരിച്ച പ്രൊഫ. ജോർജ് വറുഗീസും (തെങ്ങുംതോട്ടം) മാർ ഈവാനിയോസിനെ കണ്ടു നടത്തിയ സംഭാഷണമദ്ധ്യേ മാർ ഈവാനിയോസ് അവരോടു പറഞ്ഞ ഒരു സംഗതി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "അല്പനേരത്തെ കുശലപ്രശ്നത്തിനുശേഷം തിരുമേനി മലങ്കരസഭ വിട്ട് റോമാസഭയിൽ ചേരാനുള്ള കാരണം എന്താണെന്ന് ഞാൻ ചോദിച്ചു. മക്കളേ! പരിശുദ്ധാത്മാവിന്റെ പ്രേരണകൊണ്ടാണ് സഭ വിട്ടത്. 1928, 1929 വർഷങ്ങളിൽ പരിശുദ്ധാത്മാവിന്റെ സമ്മർദ്ദം എന്റെമേൽ വളരെ കൂടുകയും ഞാൻ സഭ വിടുകയുമാണുണ്ടായത്. ..."

"ബഥനിയുടെ സ്വത്തുക്കളും സ്കൂളുകളും കൂടെ കൊണ്ടുപോകുന്നതിന് പരിശുദ്ധാത്മാവ് പ്രേരിപ്പിച്ചോ എന്ന് ചോദിക്കാൻ ആവശ്യമായ അറിവ് അന്നെനിക്കില്ലായിരുന്നു. 1949-ൽ നടന്ന ഈ കൂടിക്കാഴ്ചാവിവരങ്ങൾ ഇന്നും എന്റെ മനസ്സിൽ മങ്ങാതെ നിൽക്കുന്നുണ്ട്" (*രണ്ടായിരം വർഷം പിന്നിട്ട മലങ്കരസഭ*, പേജ് 77).

'വളരെ നാളുകൾക്കു മുമ്പ് തിരുമേനിയുടെ മനസ്സിൽ സ്ഥലം പിടിച്ചിരുന്നതാണ് "അദ്ദേഹത്തിന്റെ റോമാ പ്രസ്ഥാനം" എന്നാണ് ഫാദർ അലക്സിയോസ് അഭിപ്രായപ്പെട്ടു കാണുന്നത്' (*ബഥനിക്കാര്യങ്ങൾ*, പേജ് 10).

ഫാ. അലക്സിയോസിന്റെ ഈ നിഗമനത്തെ സാധൂകരിക്കുന്ന ഒരു സംഭവമാണ് 1106 കന്നി 10-ാം തീയതിയിലെ 'സത്യദീപ'ത്തിൽ മാർ ഈവാനിയോസിനു മുമ്പേ റോമായിൽ ചേർന്ന ഫാ. ജേക്കബ് നെടുഞ്ചിറ, ഫാ. പീടികയിൽ, പത്തനംതിട്ട എന്നിവരുടെ ലേഖനങ്ങൾ തെളിയിക്കുന്നത്.

മലങ്കരസഭയിൽ നിന്ന് 1920 ഡിസംബർ 24-നു റോമാസഭയിൽ ചേർന്ന ഫാ. ജേക്കബ് നെടുഞ്ചിറ, അതിനു മുമ്പ് തന്റെ മാതൃസഭ രക്ഷയ്ക്കുടുത്തതാണോ എന്ന സംശയവുമായി, റോമാ സഭയിൽ ചേരുന്നതിനെക്കുറിച്ച് വിദഗ്ദ്ധാഭിപ്രായം ആരാഞ്ഞുകൊണ്ട് ബഥനി ആശ്രമാദ്ധ്യക്ഷനായിരുന്ന ഫാ. പി. റ്റി. ഗീവർഗീസിനെ സമീപിച്ചപ്പോൾ റോമാസഭയിൽ ചേരുന്നതിന് അനുകൂലമായ ഉപദേശമാണ് ഫാ. ഗീവർഗീസിൽ നിന്ന് ലഭിച്ചതെന്ന് രേഖപ്പെടുത്തി കാണുന്നു. ഓമല്ലൂർ പുത്തൻപീടികയിൽ അച്ചനും ഇതേ വിധമുള്ള ഒരു സന്ദർശനത്തിൽ കിട്ടിയ ഉപദേശംമൂലം കൈയോടെ റോമൻ കത്തോലിക്കനായി എന്ന വസ്തുതയും ഇവിടെ പ്രസ്താവ്യമാണ് (*റീത്തുപ്രസ്ഥാന രഹസ്യങ്ങൾ*, പേജ് 7).

ഫാ. പി. റ്റി. ഗീവർഗീസ് എം.ഡി. സെമിനാരിയിൽ പ്രിൻസിപ്പാൾ ആയിരിക്കുമ്പോൾതന്നെ റോമാസഭയിൽ ചേരുന്നതിനെക്കുറിച്ച് തന്റെ സുഹൃത്തുക്കളുമായി രഹസ്യാലോചന നടത്തിയതായി അദ്ദേഹത്തിന്റെ ശിപായി, വട്ടശ്ശേരിൽ തിരുമേനിയെ ധരിപ്പിച്ച വിവരം *റീത്തുപ്രസ്ഥാന രഹസ്യങ്ങൾ* 18, 19 പേജുകളിൽ പറഞ്ഞു കാണുന്നു.

1956 ഡിസംബർ 22-ലെ മനോരമ ആഴ്ചപ്പതിപ്പിൽ കെ. സി. മാമ്മൻ മാപ്പിള എഴുതിയ 'ജീവിതസ്മരണകൾ' എന്ന ലേഖനത്തിൽ ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്: "വട്ടിപ്പണക്കേസിന്റെ അപ്പീൽ, പാത്രിയർക്കീസ് പക്ഷക്കാർക്ക് അനുകൂലമായി വീരരാഘവയ്യങ്കാർ ഉൾപ്പെട്ട ഫുൾബഞ്ച് 1098 മീനത്തിൽ വിധിച്ചശേഷം ഇനിയെന്താണ് വേണ്ടത് എന്ന് ആലോചിക്കുന്നതിന് കോട്ടയത്ത് ഒരു യോഗം കൂടി. റോമൻ കത്തോലിക്കാ സഭയിൽ ചേർന്നാൽ എന്തെന്നുള്ള ഒരു അഭിപ്രായം ഫാ. പി. റ്റി. ഗീവർഗീസ് പുറപ്പെടുവിച്ചു. തലപ്പത്തുള്ളവർ അങ്ങനെ ചെയ്താൽ ബാക്കിയുള്ളവർ നിസ്സഹായരായിത്തീരുമെന്നും അങ്ങനെ വിട്ടുപോകുന്നത് പാപകരമായ ഒരു കർമ്മമായിരിക്കുമെന്നും ഞാൻ പറഞ്ഞു. നമ്മെപ്പോലുള്ള നേതാക്കന്മാർ ആദ്യം പോയാൽ ബാക്കിയുള്ളവർ അനുഗമിച്ചുകൊള്ളുമെന്ന് ആയിരുന്നു ഫാ. ഗീവർഗീസിന്റെ മറുപടി. അദ്ദേഹത്തിന്റെ മനസ്സിൽ അന്നേ അങ്ങോട്ടു ചായ്വുണ്ടായിരുന്നു."

ഇങ്ങനെയുള്ള പല സംഭവങ്ങളും മാർ ഈവാനിയോസിന്റെ സഭാപരി

വർത്തനം ഒരു യാദൃച്ഛിക സംഭവമായിരുന്നില്ല എന്നുള്ള വസ്തുതയിലേക്കല്ലേ വിരൽ ചൂണ്ടുന്നത്.

ഈ സഭാപരിവർത്തനം യാദൃച്ഛികമായുണ്ടായതല്ലെന്നും ജന്മനാ സ്വാധികാരപ്രമത്തനും ലൗകികാഡംബരപ്രിയനുമായ മാർ ഈവാനിയോസ് കുറെക്കാലങ്ങൾക്കു മുമ്പുതന്നെ ഇതു ജീവിതലക്ഷ്യമാക്കിയിരുന്നതാണെന്നും, അതിനുള്ള സാഹചര്യങ്ങൾ, സ്ഥാനമാനങ്ങൾ മുതലായവ കരസ്ഥമാക്കുന്നതിനുള്ള ലാക്കിൽ സുറിയാനി സഭയിലെ തങ്ങളുടെ ജീവിതം സഭയെ കബളിപ്പിച്ചു നടത്തിയതു മാത്രമായിരുന്നുവെന്നും പറയുന്നവരുണ്ട്.

ഈ വിഷയത്തെക്കുറിച്ച് ഇസ്സഡ്. എം. പാറേട്ട് തന്റെ *നിത്യാക്ഷരങ്ങൾ വാല്യം 2*, പേജ് 455-ൽ മാർ ഈവാനിയോസ് രണ്ടാമത്തെ കാതോലിക്കാ ആകുവാൻ ആഗ്രഹിച്ചു എന്ന് പറഞ്ഞു കാണുന്നു. ഗീവർഗീസ് രണ്ടാമനു ലഭിച്ച കാതോലിക്കാ സ്ഥാനത്തിന് താനാണ് യോഗ്യൻ – അവകാശി – എന്ന് ബഥനി മെത്രാൻ വിശ്വസിച്ചിരുന്നു. അങ്ങനെ വിശ്വസിക്കാനുള്ള ഹേതുക്കളിൽ പ്രധാനപ്പെട്ടത് അബ്ദൽ മ്ശിഹായെ വരുത്തിയതിലും കാതോലിക്കാ സിംഹാസനം മലങ്കരയിൽ പുനഃസ്ഥാപിച്ചതിലും അതിപ്രധാനമായ പങ്ക് താൻ വഹിച്ചു എന്നുള്ള വിശ്വാസമായിരുന്നു. തന്റെ ന്യായമായ അവകാശം അംഗീകരിക്കാതെ മറ്റൊരാൾക്ക് കൊടുത്തു എന്നു വന്നത് ഈവാനിയോസിന്റെ ക്ഷമ അസ്തമിപ്പിക്കാൻ സഹായിച്ചു. പദവി നിഷേധിക്കപ്പെട്ടതിനാൽ അത്യുന്നതമായ റോമൻ കത്തോലിക്കാ സഭയിലൂടെ കൂടുതൽ ഔന്നത്യവും പ്രകാശവും സ്വാധീനവും ഉള്ള സ്ഥാനത്ത് എത്തുന്നതിന് അദ്ദേഹം കാപ്പ് കെട്ടി. അങ്ങനെയാണ് റോമാസഭയുമായി 'പുനരൈക്യ'പ്പെടുവാൻ സംഗതിയായത് (*നിത്യാക്ഷരങ്ങൾ വാല്യം 2*, പേജ് 455-456).

1104-ൽ നെയ്യൂരു വച്ച് രണ്ടാമത്തെ കാതോലിക്കാ ബാവാ കാലംചെയ്തു. മൃതശരീരം അവിടെനിന്ന് കബറടക്കസ്ഥലമായ വാകത്താനത്തേക്കു കാർമാർഗ്ഗം കൊണ്ടുവന്നു. മാർ ഈവാനിയോസും ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും (പിന്നീട് മൂന്നാമത്തെ കാതോലിക്കാ) ഭൗതികദേഹത്തെ അനുഗമിച്ചിരുന്നു. കാറുകൾ കൊട്ടാരക്കര കഴിഞ്ഞപ്പോൾ 'ഇനിയും നമുക്ക് ആരെയാണ് കാതോലിക്കാ ആയി വാഴിക്കേണ്ടത്' എന്ന് മാർ ഈവാനിയോസ് കൂടെയുണ്ടായിരുന്ന മാർ ഗ്രീഗോറിയോസിനോട് ചോദിച്ചതായും അതിനു മറുപടിയായി 'അതൊക്കെ നമുക്കു പിന്നീട് ആലോചിക്കാം, ഇപ്പോൾ നമുക്ക് യഥാവിധി മൃതശരീരം സംസ്കരിക്കാം' എന്ന് അദ്ദേഹം മറുപടി പറഞ്ഞതായും 'റീത്തു പ്രസ്ഥാന രഹസ്യങ്ങൾ' പേജ് 34-ൽ കാണുന്നുണ്ട്. കാതോലിക്കാ സ്ഥാനം താൻ ഏറ്റുകൊള്ളാമെന്ന് വട്ടശ്ശേരിൽ തിരുമേനിയെ മാർ ഈവാനിയോസ് ധരിപ്പിച്ചതായും പ്രസ്തുത ഗ്രന്ഥത്തിൽ കാണുന്നു. എന്നാൽ എപ്പിസ്ക്കോപ്പൽ സിനഡിൽ ഏകാഭിപ്രായമായി നേരത്തേ തീർച്ച ചെയ്തതനുസരിച്ച് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ മൂന്നാമത്തെ കാതോലിക്കാ ആയി വാഴിക്കയാണുണ്ടായത്.

മാർ ഈവാനിയോസിനെ കാതോലിക്കാ ആയി അഭിഷേകം ചെയ്യാതിരുന്നതിന് കാരണങ്ങളായി പല സംസാരവും അന്ന് ജനതാമദ്ധ്യേ ഉണ്ടായിരുന്നു. ബഥനിയുടെ കണക്കുകൾ യഥാകാലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതാണെന്ന് വട്ടശ്ശേരിൽ മെത്രാച്ചൻ കൈപ്പട്ടൂർ പള്ളിയിൽ നിന്നുള്ള തന്റെ കല്പനയിൽ പറഞ്ഞിരുന്നെങ്കിലും ആദ്യത്തെ മൂന്നുവർഷം കഴിഞ്ഞ് പിന്നീട് മാർ ഈവാനിയോസ് അതു ചെയ്തില്ല (Memorandum to Apostolic Delegate by Fr. Alexios).

ഹരിപ്പാട് മുൻസിഫ് കോടതിയിൽ 118 തുലാം 26 മുതൽ മാർ ഈവാനിയോസ് കൊടുത്ത മൊഴിയിൽ (പേജ് 106) ബഥനിയുടെ കണക്കു പ്രസിദ്ധപ്പെടുത്തിയിട്ടില്ല എന്നും പ്രസിദ്ധപ്പെടുത്തേണ്ട ആവശ്യമില്ലെന്നും കാണുന്നു. 112/202 നമ്പ്ര കേസിൽ "ബഥനിയുടെ കണക്ക് ആരെയും കേൾപ്പിച്ചിട്ടില്ല. കണക്ക് കേൾക്കാൻ നമുക്കല്ലാതെ മറ്റാർക്കും അധികാരവുമില്ല. ആരും ആവശ്യപ്പെട്ടിട്ടില്ല."

പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് കശ്ശീശ്ശായായിരുന്നപ്പോൾ നടന്ന ഒരു സംഭവം വിവരിക്കുന്നത് ശ്രദ്ധിക്കുക:

"ബഥനി ആശ്രമത്തിന്റെ സഭാപരമായ പ്രവർത്തനവും മറ്റു ജീവകാരുണ്യ പ്രവർത്തനങ്ങളും വിപുലമായി. ഫാ. ഗീവർഗീസും ഫാ. അലക്സിയോസും കൂട്ടായും തനിച്ചും പിരിവുകൾ നടത്തിയാണ് ആശ്രമം സംരക്ഷിച്ചുകൊണ്ടു പോയത്. ഒരു സന്ദർഭം ഓർക്കുന്നു. ഫാ. ഗീവർഗീസ് അസുഖമായി കിടപ്പിലാണ്. കടകളിൽ നിന്ന് സാമാനങ്ങളും മറ്റും കടമായി വാങ്ങി പണം പിന്നീട് കൊടുത്തു തീർക്കുകയായിരുന്നു പതിവ്. പണം കൊടുക്കാൻ താമസം വന്നതുകൊണ്ട് നിത്യച്ചെലവിനുപോലും പ്രയാസത്തിലായി. അങ്ങനെയിരിക്കുന്ന ഒരു ഘട്ടത്തിൽ അലക്സിയോസ് അച്ചനും ഞാനും (ഫാ. പാറേട്ട്) വട്ടശ്ശേരിൽ തിരുമേനിയോട് പണം കടം ചോദിക്കാൻ പോയി. പഴയസെമിനാരിയിൽ അദ്ദേഹത്തിന്റെ മുറിയിൽ ഞങ്ങൾ ചെന്നു കയറിയപ്പോൾതന്നെ പണം ചോദിക്കാനാണ് ചെന്നിരിക്കുന്നത് എന്നദ്ദേഹം മനസ്സിലാക്കി. പല കേസുകളും നടക്കുന്ന കാര്യവും പണപ്പിരിവ് നടക്കുന്നില്ലെന്നുള്ള വിവരവും വിശദമായി ഞങ്ങളെ പറഞ്ഞു കേൾപ്പിച്ചു. ഇങ്ങനെ കേട്ട സ്ഥിതിക്കു പണം ചോദിക്കണമോ എന്ന് ഞാൻ അലക്സിയോസ് അച്ചനോട് ആംഗ്യം കാട്ടി ആരാഞ്ഞു. 'ചോദിക്കാം' എന്നു പറഞ്ഞതനുസരിച്ച് ഞാൻ ചോദിച്ചു. അപ്പോൾ വട്ടശ്ശേരിൽ തിരുമേനി എന്നോടായി പറഞ്ഞു: "വളരെ പണം ഞാൻ പണിക്കരു കത്തനാർക്കു കൊടുത്തിട്ടുണ്ട്. അതെല്ലാം പാഴാക്കിക്കളഞ്ഞു. അതുകൊണ്ട് ഇനിയും ഇവർക്കു കൊടുക്കയില്ല. തനിക്കു വേണമെങ്കിൽ തരാം." പണത്തിനു വളരെ വൈഷമ്യം നേരിട്ട ആ സന്ദർഭത്തിൽ, പണം കൈകാര്യം ചെയ്യുന്നതിൽ സ്വതേ പണിക്കരച്ചനുണ്ടായിരുന്ന സൂക്ഷ്മതക്കുറവുകൊണ്ടാണു വലിയ മെത്രാച്ചൻ ഇങ്ങനെ പരിഭവപ്പെടാനിടയായത്. അതുകഴിഞ്ഞ് അദ്ദേഹം എഴുന്നേറ്റ് പോയി കൈപ്പെട്ടി തുറന്ന് കടം ചോദിച്ചതിന്റെ പകുതി തുക എടുത്തു തന്നു. ഇതു തിരികെ തരണ്ട എന്നു പറയുകയും ചെയ്തു" (*ബഥനിയുടെ പനിമലർ*, മാത്യൂസ് മാർ ഈവാനിയോസിന്റെ ലേഖനം, പേജ് 19-20).

മൂന്നാം കാതോലിക്കായെ 1929-ൽ വാഴിച്ച അന്ന് മാർ ഈവാനിയോസിനെ ബഥനിയുടെ മെത്രാപ്പോലീത്താ ആയി പ്രഖ്യാപിക്കുകയും പിറ്റേദിവസം ഫാ. യാക്കോബ് ഒ.ഐ.സി. യെ ബഥനിയുടെ തെയോഫിലോസ് എപ്പിസ്ക്കോപ്പാ ആയി വാഴിക്കുകയും ചെയ്ത കാര്യം മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ സംഭവങ്ങളോടനുബന്ധിച്ചുണ്ടായ ചില കാര്യങ്ങൾ പരിഗണനാർഹമാണ്. ചേപ്പാട്ട് ഫാ. പീലിപ്പോസിനെ ബഥനി ആശ്രമത്തിൽ സന്യാസി ആയി താമസിപ്പിച്ചതിനുശേഷം സമുദായ സേവനത്തിനായി വിട്ടുകൊടുത്തു. പിന്നീട് അദ്ദേഹത്തെ റമ്പാനും മെത്രാനും ആക്കുവാനുള്ള കരുനീക്കങ്ങളാണ് ഉണ്ടായത്.

ഇക്കാര്യം വ്യക്തമാക്കുന്ന സംഭാഷണം 1105 തുലാം 17-നു ബഥനി ആശ്രമത്തിൽ നടന്നതായി *റീത്തുപ്രസ്ഥാന രഹസ്യങ്ങൾ* 39, 40 പേജുകളിൽ കാണുന്നു.

മാർ ഈവാനിയോസ് "... ഇപ്പോൾ രണ്ടു റമ്പാച്ചന്മാർ കൂടി ഉണ്ടായിക്കാണുമായിരിക്കും."

ഒരു ആശ്രമസ്ഥൻ: 'അതാരെല്ലാമാണ്?'

മെത്രാച്ചൻ: 'നമ്മുടെ പീലിപ്പോസ് അച്ചനും പുത്തൻകാവിലെ കൊച്ചുശെമ്മാശനും.'

വേറൊരാൾ: 'എന്നാൽ ഇനിയും അദ്ദേഹം കൊച്ചുശെമ്മാശനല്ല, കൊച്ചു റമ്പാച്ചനാണല്ലോ. ഞങ്ങൾ ഓർത്തത് ഇവിടെനിന്നു പോയ പീലിപ്പോസ് അച്ചനേ ഉള്ളു എന്നാണ്?'

(മെത്രാച്ചൻ അല്പം മൗനമായിരുന്ന ശേഷം)

'ഈ വരുന്ന മൂന്നുനോമ്പിലോ മറ്റോ രണ്ടുപേർക്കും മെത്രാൻ പട്ടവും കൊടുത്തേക്കും.'

മറ്റൊരാൾ: 'ഈ വരുന്ന മൂന്നുനോമ്പിലോ? അതെന്താണ് ഇത്ര ധൃതി?'

മെത്രാച്ചൻ: 'അതെ, ഈ വരുന്ന മൂന്നുനോമ്പിൽതന്നെ കൊടുക്കുമെന്നു പറയാം. (സ്വല്പം കഴിഞ്ഞ്) ദൈവമേ, ഇവരുടെയെല്ലാം കാലം എങ്ങനെ കഴിയുമോ? കുറെ കഴിയുമ്പോൾ നമുക്ക് ബഥനിക്കായിട്ടൊരു കാതോലിക്കായെ വാഴിക്കണം.'

ആശ്രമസ്ഥരിലൊരാൾ: 'നമുക്കെന്തിനാ കാതോലിക്കാ? രണ്ടു തിരുമേനിമാർ തന്നെ കൂടുതലാണെന്നാണല്ലോ ഞങ്ങൾക്കു തോന്നുന്നത്. ഇനിയും വേണമെങ്കിലും രണ്ടുപേരെക്കൊണ്ടൊക്കുമോ?'

മെത്രാച്ചൻ: 'നിങ്ങൾക്കു തോന്നുന്നു. നിങ്ങൾക്കെന്തറിയാം. മൂന്നുപേർക്കു പ്രയാസമില്ല. അതിനൊക്കെ ഞാൻ വഴി കണ്ടിട്ടുണ്ട്.'

ഈ വഴി, ചേപ്പാടൻ മൂപ്പു പ്രാപിച്ച് തിരികെ വരുന്നതിനുള്ള പ്രയോഗം

ആയിരുന്നു എന്നും അപ്പോൾ കാതോലിക്കാ ആരായിരിക്കുമെന്നും പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ (*റീത്തുപ്രസ്ഥാന രഹസ്യങ്ങൾ*, പേജ് 39–40).

ബഥനിയിൽ, ബഥനി കാതോലിക്കായെ വാഴിക്കണമെന്നുള്ള ഈ ഉദ്ധരണിയിലെ സൂചനയെ സാധൂകരിക്കത്തക്കവിധം മാർ ഈവാനിയോസിന്റെ കൂടെ റീത്തിൽ പോകാതെ മലങ്കരസഭയിൽ തുടർന്ന ബഥനി ആശ്രമാംഗങ്ങളായ വൈദികരിൽ നിന്നും അന്നത്തെ ബഥനി കാര്യസ്ഥനായിരുന്ന കാട്ടൂർ പാപ്പിയിൽ നിന്നും ഇളമുറക്കാരായ ബഥനി ആശ്രമാംഗങ്ങളിൽ ചിലർക്കെങ്കിലും നേരിട്ട് അറിവാനിടയായിട്ടുണ്ട്. പുലിക്കോട്ടിൽ ജോസഫ് റമ്പാനെയും ചേപ്പാട്ട് റമ്പാനെയും മെത്രാന്മാരാക്കിയശേഷം മാർ തെയോഫിലോസിന്റെ സഹകരണത്തോടെ, മാർ ഈവാനിയോസിന് കാതോലിക്കായായി ഉയരുക എന്നതായിരുന്നു ഗൂഢോദ്ദേശ്യം. ഇതു ശരിയാണെങ്കിൽ കാതോലിക്കാ സ്ഥാനത്തോടുകൂടി റോമാ സഭയിൽ ചേരണമെന്നായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യമെന്ന നിഗമനം കൂടുതൽ ശരിയായി വരുന്നു.

മാർ ഈവാനിയോസിന്റെ ഈ റോമാ പ്രേമം ക്രമേണ സഭാംഗങ്ങളിലും നേതൃമണ്ഡലങ്ങളിലും സംസാരവിഷയമായി. തന്റെ ഗുരുവും സർവ അഭ്യുദയത്തിനും കാരണക്കാരനുമായ വട്ടശ്ശേരിൽ മെത്രാപ്പോലീത്താപോലും ഇക്കാര്യത്തിൽ ആശങ്കാഭരിതനായിത്തീർന്നു. ഭാവികാര്യങ്ങളെപ്പറ്റി പര്യാലോചിക്കാൻ ഒരു സുന്നഹദോസ് കുണ്ടറ വച്ച് കൂടി. മാർ ഈവാനിയോസും മാർ തെയോഫിലോസും ക്ഷണിക്കപ്പെട്ടെങ്കിലും അവർ സംബന്ധിച്ചില്ല. “മലങ്കര സുറിയാനി സഭയുടെ അധികാരപരിധിയിൽ മേലിൽ ബഥനിപ്പള്ളികൾ സ്ഥാപിക്കുവാൻ പാടില്ല” എന്നു കാണിച്ച് ബഥനി മെത്രാന്മാർക്കു നിരോധനകല്പനയും പുറപ്പെടുവിച്ചു. ഈ വിവരം പത്രദ്വാരാ പരസ്യമായി. ബഹുജനങ്ങളുടെ ഇടയിൽ ഒരു സംസാരവിഷയമായി. തുടർന്നു മുടക്കുകല്പന വരുമെന്നുള്ള അഭിപ്രായവും പൊതുജനങ്ങളുടെ ഇടയിൽ പരന്നു. ഈ സാഹചര്യത്തിൽ തങ്ങളെ സഭയിൽ നിന്ന് മുടക്കുമെന്ന ഭയാശങ്ക മാർ ഈവാനിയോസിനുണ്ടായതുകൊണ്ടാണോ വട്ടശ്ശേരിൽ മെത്രാച്ചന്റെ നിര്യാണത്തിനു മുമ്പുതന്നെ റോമാ സഭയിൽ ചേരാനിടയായതെന്ന് സംശയിക്കുന്ന ഒരു വിഭാഗവും അന്നു സഭയിൽ ഉണ്ടായിരുന്നു. മുടക്കിനു വിധേയനായാൽ റോമാ സഭയിൽ തക്ക സ്വീകരണം കിട്ടാനുള്ള സാദ്ധ്യതയും കുറവായിരുന്നല്ലോ.”

(തുടരും)


കോനാട്ട് അബ്രഹാം മല്പാൻ


ഞാർത്താങ്കൽ കോരുത് മൽപാൻ



റീശ് കോർഎപ്പിസ്കോപ്പാ ഫാ.ഡോ.ജോൺസ് ഏബ്രഹാം കോനാട്ട്

മലങ്കര മൽപാൻ സ്ഥാനം ചിത്രങ്ങളിലൂടെ

1. പ ഗീവർഗീസ് ദ്വിതിയൻ കാതോലിക്കാ ബാവാ കോനാട്ട് അബ്രഹാം കശീശായ്ക്ക് മലങ്കര മല്പാൻ സ്ഥാനം നൽകുന്നു. (1963 ജൂലൈ 3)

2. പ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഞാർത്താങ്കൽ കോരുത് കശീശായ്ക്ക് മലങ്കര മല്പാൻ സ്ഥാനം നൽകുന്നു (1993 നവംബർ 28)

3. പ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതിയൻ കാതോലിക്കാ ബാവാ കോനാട്ട് ജോൺസ് എബ്രഹാം കശീശായ്ക്ക് മലങ്കര മല്പാൻ സ്ഥാനം നൽകുന്നു. (2024 ഏപ്രിൽ 30)

– റ്റിബിൻ ചാക്കോ തേവർവേലിൽ



എം.ബി.സി. എഞ്ചിനീയറിംഗ് കോളജിന്റെ ഡയറക്ടർ ആയി ഡോ. ഉമ്മൻ മാമ്മൻ നിയമിതനായി

പീരുമേട്: മാർ ബസേലിയോസ് ക്രിസ്ത്യൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോജിയുടെ ഡയറക്ടർ ആയി ഡോ. ഉമ്മൻ മാമ്മൻ നിയമിതനായി. മാനേജ്മെന്റ് പണ്ഡിറ്റ്, സോഷ്യൽ എഞ്ചിനീയർ, മെന്റർ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹം ചേർത്തല നൈപുണ്ണ്യ സ്കൂൾ ഓഫ് മാനേജ്മന്റിലെ അക്കാദമിക്സ് ഡീൻ, കെവിഎം ട്രസ്റ്റിൽ ഡയറക്ടർ–എച്ച്.ആർ.ഡി, അങ്കമാലി നൈപുണ്ണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മന്റ് ആൻഡ് ടെക്നോളജിയിൽ കോഴ്സ് ഡയറക്ടർ, മംഗളം ഗ്രൂപ്പ് ഓഫ് കൺസേൺസിൽ മാർക്കറ്റിംഗ് മാനേജർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

നെതർലാൻഡ്സിലെയൂട്രക്ക് യൂണിവേഴ്സിറ്റിയിൽ നിന്നും മാനേജ്മെന്റിൽ പിഎച്ച്.ഡി, ബോംബെ ജമ്നാലാൽ ബജാജ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ നിന്നും എം.ബി.എ യും കേരള സർവ്വകലാശാലയിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബി.എ യും സ്വന്തമിക്കിയിട്ടുണ്ട്. അക്കാദമിക രംഗത്തും അതിനുമപ്പുറമുള്ള വിവിധ മേഖലകളിലുമായി നാല് പതിറ്റാണ്ടിലേറെ സമ്പന്നമായ അനുഭവസമ്പത്തു ഉള്ള അദ്ദേഹം കോട്ടയം ഭദ്രാസനത്തിലെ പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി ഇടവക അംഗമാണ്.

ST. GEORGE: A MAN OF COURAGEOUS COMPASSION

Fr. Job Sam Mathew
(Orthodox Theological Seminary, Kottayam)



St. George ultimately triumphed over evil because he remained steadfast in his faith and devotion to Jesus Christ, even in the face of imminent danger and death. We are reminded of how crucial it is to follow St. George's lead in order to protect and defend the Christian faith as modern society battles with moral deterioration and spiritual indifference.

Today, the life of St. George of Cappadocia is a source of encouragement and guidance for countless believers. His steadfast devotion to the Christian faith and his unwavering love for Jesus Christ serve as an example for believers, encouraging them to develop a deeper spiritual bond with our Lord and Savior. His fervor for upholding the orthodox faith and his unrelenting defense of good against evil are remarkable. His example inspires believers to take a stand in the spiritual conflict against evil and unjust forces and to hold fast to their beliefs. Furthermore, the belief in the effectiveness of prayer and the enduring power of St. George's spiritual presence are highlighted by the widespread devotion to him and the refuge sought in his intercession in Malankara Orthodox Church. The life of St. George provides a vision of faith, bravery, and perseverance that continues to illuminate the path for those who seek to follow Jesus Christ faithfully in a world marked by uncertainty and turmoil.

1. Face Challenges with Courage

The life and legacy of Saint George provide valuable insights into resilience and faith in a time when there are an increasing number of difficulties. Like the difficulties we confront today, St. George faced many obstacles in his lifetime, but he never wavered in his devotion to his faith in the Triune God, exhibiting unflinching bravery as well as determination. He refused to give up on his faith in the Living God, even in the face of temptation to choose the contrary. St. George's steadfastness serves as a reminder that going through persecution and condemnation for the sake of righteousness and the values of the Kingdom of God can result in divine guidance, wisdom, and inspiration from the Holy Spirit. This is based on the writings of Origen of Alexandria, who encouraged believers to find joy in the face of trials. He wrote, "We have learned from the gospel neither to relax our efforts in times of peace and to give ourselves up to leisure, nor when the world makes war upon us, to become cowards and apostatize from the love of the God of all things, which is in Jesus Christ." St. George's example stimulates us to face adversity with faith, courage, and an unwavering commitment to the truth in a world where crises seem to multiply endlessly.

During a time when it is difficult to maintain Christian values and faith, St. George serves as a source of motivation for getting through difficult times. Living according to Christian principles may bring persecution and unfortunate circumstances, as the values of Christianity are increasingly hated and disregarded. St. George's example serves as a reminder of this. However, trials are ahead for those who seek to pursue spiritual lives in Christ Jesus, as stated in 2 Timothy 3:12. "Indeed, all who want to live a godly life in Christ Jesus will be persecuted." We can navigate these turbulent times with resilience and unwavering commitment to the gospel truth by immersing ourselves in divine experience and remaining steadfast in our faith. As a beacon of hope for an environment in confusion, the gospel must be boldly preached since it has transformative power over individuals and entire communities. We must continue to be vigilant seekers of truth in the face of misleading beliefs spread via social media and other channels of communication. We must firmly defend proven Christian truths and spread them throughout the world through both our words and deeds.

2. Navigate Challenges with Compassion and Social Responsibility

Many Christians, pointing to the widespread evil in the world, assert a spiritual focus while keeping a distance from problems in society. But as Christians, we have an obligation to respond to the different needs of our community, imitating St. George, who bravely stood up for his beliefs and showed compassion for those in need. St. George demonstrated the Christian virtue of compassion by serving others without expecting anything in return and making selfless sacrifices that ultimately saved the princess and the villagers from the dragon. His life is a powerful example of the value of living a life of selflessness and depending on God's grace to direct our steps. In line with this, St. John Chrysostom reminds us that God's primary concern is our salvation and that embracing God's grace ought to foster our zeal and fervor to serve others. Resembling the example set by Jesus Christ Himself, St. George emerges as an embodiment of selflessness and compassion in an age marked by selfishness and egocentric pursuits. He adopted the Apostolic community's communal way of life, disregarding material authority and being unwavering in his resolve to serve society as a whole. As a powerful counterbalance to the prevalent culture of selfishness, St. George embodied a life lived in accordance with the gospel's teachings by placing the needs of others above his own desires and material success.

St. George ultimately triumphed over evil because he remained steadfast in his faith and devotion to Jesus Christ, even in the face of imminent danger and death. We are reminded of how crucial it is to follow St. George's lead in order to protect and defend the Christian faith as modern society battles with moral deterioration and spiritual indifference. We must not waver in our devotion to Jesus Christ during these difficult circumstances, looking to Him for direction and fortitude to face the challenges of our times with firm belief and conviction.

◆

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം

പുതുഞായറാഴ്ചയ്ക്ക് ശേഷം നാലാം ഞായർ

(വി. ലൂക്കോസ് 9:51–62)

ഫാ. ജെറിൻ ജോൺ അടൂർ



തന്റെ പരസ്യജീവിതകാലത്ത് യേശുവിന്റെ പ്രധാന ദൌത്യങ്ങളിലൊന്ന് പിതാവായ ദൈവത്തിന്റെ വിളഭൂമിയിലേക്ക് വേലക്കാരെ കണ്ടെത്തുക എന്ന തായിരുന്നു. ദൈവരാജ്യമാകുന്ന സുവിശേഷം ലോകമെന്പാടുമെത്തിക്കാൻ, അതുവഴി വിളഭൂമിയിലെ പാകമെത്തിയ ഫലങ്ങളെല്ലാം ദൈവത്തിന്റെ കലവ റയിലേക്ക് ശേഖരിക്കുവാനായി ക്രിസ്തു ഒട്ടേറെപ്പേരെ തന്നെ അനുഗമിക്കുന്ന തിനായി വിളിക്കുന്നുണ്ട്. യേശുവിനെ അനുഗമിക്കുവാൻ സ്വയം മനസ്സായി എത്തുന്ന ഒരു വ്യക്തിയേയും തന്റെകൂടെ വരുവാൻ യേശു ക്ഷണിക്കുന്ന രണ്ടു വ്യക്തികളെയും ആണ് ഇന്നത്തെ വചനഭാഗത്തിൽ നമ്മൾ കണ്ടുമുട്ടുന്നത്. തന്നെ അനുഗമിക്കാനായി സ്വയം പുറപ്പെട്ടുവന്ന വ്യക്തിയോട് തന്റെ ശിഷ്യർ അനുഭവിക്കേണ്ടി വന്നേക്കാവുന്ന കഷ്ടതകളെപ്പറ്റി യാതൊരു മറച്ചുവയ്പ്പുകളു മില്ലാതെ തുറന്നു പറയുന്നുണ്ട് ക്രിസ്തു ഇവിടെ. അതുപോലെതന്നെ കുടുംബ ത്തിലെ ബാധ്യതകളും കടപ്പാടുകളും തീർത്തതിനുശേഷം ദൈവത്തിനുവേണ്ടി ജോലി ചെയ്യാം എന്ന രണ്ടാമത്തെ വ്യക്തിയുടെ അപേക്ഷയും ക്രിസ്തുവിന് സ്വീകാര്യമാകുന്നില്ല. എന്നാൽ, മൂന്നാമത്തെ വ്യക്തിയുടെ അപേക്ഷയിൽ എന്തെങ്കിലും അന്യായമായത് കണ്ടെത്താൻ ബുദ്ധിമുട്ടാണ്. വീടുവരെ ഒന്നുപോയി എല്ലാവരോടും യാത്ര പറഞ്ഞിട്ടു വരാം എന്നു മാത്രമാണ് അയാൾ പറയുന്നത്. അതുപോലും ദൈവരാജ്യത്തിനു സ്വീകാര്യമല്ല എന്നാണ് യേശു മറുപടി നല്കുന്നത്. എന്താണ് മൂന്നാമത്തെ വ്യക്തിയുടെ തികച്ചും ലളിതവും ന്യായയുമായ ആവശ്യം നിരാകരിക്കപ്പെടാൻ കാരണം?

ശിഷ്യത്വത്തിന്റെ ഈ മൂന്നു തലങ്ങളെ വിചിന്തനം ചെയ്യാം.

ശിഷ്യത്വത്തിന്റെ സുരക്ഷിതത്വവും സ്വാതന്ത്ര്യവും വിലയും കുറയ്ക്കുന്നവർക്കുള്ള ക്രിസ്തുവിന്റെ താക്കീത്

വിലപ്പെട്ടതെന്നും വലുതെന്നും ഇഷ്ടമുള്ളതെന്നും സാധാരണ ജീവിതത്തിൽ എല്ലാവരും വിലയിരുത്തുന്ന കാര്യങ്ങൾ ഉന്നതമായ ലക്ഷ്യപ്രാപ്തിക്കുവേണ്ടി മാറ്റിവയ്ക്കേണ്ടി വരുന്നത് സ്വാഭാവികമാണ്. അത് നിഷ്ഠയോടെയും അർ പ്പണത്തോടെയും പാലിക്കുന്നവർ ജീവിതവിജയം കൈവരിക്കുമെന്നതിൽ സംശയമില്ല. ഇതു വിവേചിച്ചറിയാൻ സാധിക്കാത്തവർ ലക്ഷ്യങ്ങൾ പ്രാപി ക്കാതെ പോകുന്നതും, ചിലപ്പോൾ ജീവിതത്തിൽ പതറിപ്പോകുന്നതും നമുക്കു കാണാം.

ഇതേ ആശയമാണ് ഇന്നത്തെ സുവിശേഷഭാഗത്തുള്ളത്. ലൂക്കോസിന്റെ സുവിശേഷം ചിത്രീകരിക്കുന്ന യേശുവിൻറെ മൂന്നു യാത്രകളിൽ രണ്ടാമത്തെ യാത്ര തുടങ്ങുകയാണ്. ജറൂസലേമിലേയ്ക്കുള്ള യാത്രയാണത്. അത് മരണ ത്തിലേയ്ക്കുള്ള യാത്രയുമാണ്. ഈ ഘട്ടത്തിൽ അവിടുത്തെ ശിഷ്യന്മാരുടെ മനോഭാവം ശ്രദ്ധിക്കേണ്ടതാണ്. അവർ മനക്കോട്ട കെട്ടി അവസാനം നിരാശരാ കാതിരിക്കാൻ ക്രിസ്തുതന്നെ അവരോടു തുറന്നു സംസാരിക്കുന്നു. അവി ടുത്തെ സുരക്ഷിതത്വം കുറുക്കന്മാരുടെയും കുറുനരികളുടെയും സുരക്ഷയെ ക്കാൾ കുറഞ്ഞതാണ്, കാരണം കുറുക്കനും കുറുനരിക്കും മാളങ്ങളും കൂടു കളുമുണ്ട്, എന്നാൽ അവിടുത്തേയ്ക്ക് തലചായ്ക്കാൻ ഇടമില്ലായിരുന്നു.

ആയുസ്സിനെ ജീവിതാർഹമാക്കി മാറ്റുന്നത് നമ്മളതിന് കൊടുക്കുന്ന വിലയെ ഗണിച്ചിട്ടാണ്. സ്വാതന്ത്ര്യം കണ്ടെത്തുക മാത്രമല്ല, അത് നിലനിർ ത്തുവാൻ നാം നിരന്തരം കപ്പം കൊടുത്തുകൊണ്ടേയിരിക്കണം. ക്രിസ്തുവു മായി ബന്ധപ്പെട്ട മൂന്നുസൂചനകൾ നമുക്ക് കുറച്ചൊരു ദിശാബോധം തന്നേ ക്കും. അത് ശിഷ്യത്വത്തിന്റെ വില മാത്രമല്ല, സ്വാതന്ത്ര്യത്തിനും സ്നേഹ ത്തിനും ജീവിതനന്മയ്ക്കും കൊടുക്കേണ്ട വില തന്നെയാണ്.

ഒരുവൻ ക്രിസ്തുവിനോട് പറയുന്നു, “ഞാൻ അങ്ങയെ അനുഗമിക്കാം, അങ്ങ് എവിടെയാണ് വസിക്കുന്നത്.” അവിടുന്നു പറഞ്ഞു. “കുറുനരികൾക്ക് മാളവും ആകാശപ്പറവകൾക്ക് കൂടും ഉണ്ട്. മനുഷ്യപുത്രന് തലചായ്ക്കാൻ ഇടമില്ല” (ലൂക്കോസ് 9:58).

വീടില്ല എന്നതിന്റെ അർത്ഥം സുരക്ഷിതത്വമോ സ്വസ്ഥതയോ ഇല്ല എന്നുതന്നെയാണ്. വീട്ടിലായിരിക്കുമ്പോഴും വീടില്ലാത്ത വനെപ്പോലെ അസ്വസ്ഥനായി ജീവിക്കാൻ നിങ്ങൾക്കാവുമോ? അല്ലെങ്കിൽ ത്തന്നെ സ്വസ്ഥരായിരിക്കുവാൻ നമുക്ക് എന്ത് അവകാശമാണുള്ളത്? അടച്ചിട്ട വീടുകളിൽ നാം അനുഭവിക്കുന്ന സുരക്ഷിതത്വംപോലെ വ്യാജവും ഹീനവും അപകടകരവുമായ മറ്റൊന്നില്ല. സ്വയം തീർത്ത മിഥ്യാസങ്കല്പങ്ങളിൽനിന്ന് പുറത്ത് കടന്നില്ലെങ്കിൽ കാണക്കാണെ നാം മറ്റൊരു വീട്ടുപകരണമായി മാറും. ക്രിസ്തുവിൽ ആയിരിക്കുക എന്നതിൻറെ അർത്ഥം മേൽക്കൂരകളില്ലാതെ ഋതുഭേദങ്ങൾക്ക് വിധേയപ്പെട്ടു ജീവിക്കുക എന്നാണ്. ചിലപ്പോൾ മഹാമാരി പിന്നെ വേനൽക്കനൽ എന്നിങ്ങനെ എന്തുമാകാം. ക്രിസ്തു ശിഷ്യത്വത്തിൻറെ മാർഗ്ഗം ആവശ്യപ്പെടുന്ന ത്യാഗാർപ്പണമാണ്.

ശിഷ്യത്വത്തെ സ്വീകരിക്കാൻ വൈകുന്നവർക്കുള്ള ക്രിസ്തുവിന്റെ താക്കീത്

മറ്റൊരാൾ പറഞ്ഞു. “ഞാൻ നിന്നെ അനുഗമിക്കാം. എന്നാൽ ആദ്യം പോയി എന്റെ അപ്പനെ സംസ്ക്കരിച്ചിട്ട് വരാം.” ക്രിസ്തു പറഞ്ഞു. “മൃതർ മൃതരെ സംസ്ക്കരിക്കട്ടെ. നീ ജീവനിലേയ്ക്കു വരിക.”

ആ മനുഷ്യൻ ആവശ്യപ്പെടുന്നത് കുറച്ച് കാലതാമസമാണ്. അപ്പൻ വാർദ്ധ ക്യത്തിലായിരുന്നു. അദ്ദേഹത്തോടുള്ള കടങ്ങളൊക്കെ വീട്ടിയിട്ട് ഞാൻ ജീവി തത്തിൽ മറ്റു കാര്യങ്ങളൊക്കെ ഏറ്റെടുക്കാൻ തയ്യാറാണ്. പ്രായോഗിക കാര ണങ്ങൾകൊണ്ട് ചില തിരുത്തലുകളും ഇടപെടലുകളും വൈകിക്കുന്നവർ ക്കാണ് ക്രിസ്തു ഇന്നു താക്കീത്നല്കുന്നത്.

ചില നിമിഷങ്ങൾ ഇനി ആവർത്തിക്കപ്പെടണമെന്നില്ല. കുംഭമേളയിൽവച്ച് നിങ്ങൾ ഒരു ചങ്ങാതിയെ കണ്ടാൽ പിന്നെ വൈകിക്കരുത്. ജനത്തെ പകുത്തും വകഞ്ഞും അവൻറെ പക്കലേയ്ക്ക് ഓടി, ആ കൈയ്യിൽ മുറുകെ പിടിക്കണം. ഇല്ലെങ്കിൽ എന്നേയ്ക്കുമായി അവൻ നഷ്ടമായേക്കും.

ഫോട്ടോഗ്രഫിയിൽ professionally pioneer എന്നു കരുതേണ്ട Henry Carthie Brasong തന്റെ കലയിൽ ഒരു decisive movement, എപ്പോഴും ഒരു നിർണ്ണായ കമായ നിമിഷം ഉണ്ടെന്നു കരുതുകയും, ആ നിമിഷം നഷ്ടപ്പെടുത്തിയാൽ പിന്നെ ചിത്രത്തിന് ജീവനുണ്ടാവുകയില്ലെന്നും മനസ്സിലാക്കിയിരുന്നു. ഒരു പ്രചോദനവും കാലവിളംബത്തിൻറെ വിധിക്ക് വിട്ടുകൊടുക്കരുത്. വൈകിക്കുക എന്നതിന്റെ അർത്ഥം സ്വാഭാവിക മരണത്തിന് വഴങ്ങുന്നു എന്നത്രേ. ഒപ്പം മരിച്ചവരുടെ ലോകത്തുനിന്ന് പുറത്തു കടക്കുവാനുള്ള കാലതാമസത്തിൻറെ സൂചനയും കാണാതെ പോകരുത്. പതുക്കെ പതുക്കെ നമ്മുടെ ജീവിത പരി സരങ്ങളിലെ ഗ്രാമങ്ങളും നഗരങ്ങളും മൃതർവാഴുന്ന ദേശങ്ങളാക്കി മാറ്റുവാൻ ഇടകൊടുക്കരുത്, biologically live and biographically dead people. Robin Crook-[3]sd Coma എന്ന പ്രശസ്തമായ നോവലും നമ്മെ ഓർമിപ്പിക്കുന്നത് ഇതാണ്. ജീവനിലായിരിക്കാൻ ആഗ്രഹിക്കുന്നവർ ഞൊടിയിടയിൽ വിപരീത സാഹ ചര്യത്തിൽനിന്നും പുറത്ത് കടക്കേണ്ടതുണ്ട് എന്ന സന്ദേശം വ്യക്തമായി നല്കുന്നതാണത്.

ഏറ്റെടുത്ത ദൗത്യത്തെ പിന്തിരിഞ്ഞു നോക്കാതെ പൂർത്തീകരി ക്കുവാൻ ഉള്ള ക്രിസ്തുവിന്റെ താക്കീത്

ഗലീലിക്കടലിനോട് ചേർന്നുകിടന്നിരുന്ന പാലസ്തീനായിലെ കൃഷിഭൂമി കളിലെ മണ്ണ് വളരെ കടുപ്പമുള്ളതായിരുന്നു. കൃഷിക്ക് മുമ്പായി നിലമുഴുതു ആ മണ്ണ് പൊട്ടിക്കുക എന്നത് വളരെ ക്ലേശം നിറഞ്ഞ ഒരു ജോലിയായിരുന്നു. കഠിനവും ഒട്ടേറെ സമയമെടുക്കുന്നതുമായ ആ ജോലി ചെയ്യാൻ അധിക

മൊന്നും ആളുകൾക്ക് സാധിക്കുമായിരുന്നില്ല. ലക്ഷ്യത്തിൽ മാത്രം കണ്ണുനട്ട് അശ്രാന്തപരിശ്രമത്തിലൂടെ മനസ്സിലുള്ള എതിർപ്പുകളെയും ശരീരത്തിന്റെ ക്ഷീണത്തെയും ചുറ്റുമുള്ള പ്രകൃതിയിലെ വിഘ്നങ്ങളെയും എതിർത്തു തോൽപ്പിക്കുന്നവർക്ക് മാത്രമേ ആ പ്രദേശങ്ങളിൽ കൃഷി ചെയ്യാൻ കഴിഞ്ഞിരുന്നുള്ളൂ. കലപ്പയിൽ കൈവച്ചിട്ടു പിന്തിരിഞ്ഞു നോക്കുന്നവർക്കുള്ളതായിരുന്നില്ല ആ ജോലി; കാരണം, അങ്ങനെ പിന്തിരിഞ്ഞു നോക്കുന്നവർ അവരേറ്റെടുത്ത ജോലിയെക്കുറിച്ച് പുനർവിചിന്തനം ചെയ്യുന്നവരാണ്, ഏറ്റെടുത്ത ജോലി ചെയ്യാനുള്ള കഴിവ് തനിക്കുണ്ടോയെന്നു സംശയിക്കുന്നവരാണ്, തുടക്കത്തിലെ ആവേശം കെട്ടടങ്ങുന്പോൾ ആ ജോലി ഏറ്റതിൽ പാശ്ചാത്തപിക്കുന്നവരാണ്. ദൈവത്തിന്റെ വിളി സ്വീകരിച്ചു ദൈവരാജ്യത്തിന്റെ ജോലിക്കാരാകുന്നവർ പിന്തിരിഞ്ഞു നോക്കാനുള്ള ഒരു പ്രധാനകാരണം അവർ യാത്ര പറഞ്ഞു പോന്ന വ്യക്തികളും സാഹചര്യങ്ങളുമാണ്. ദൈവത്തിനുവേണ്ടി ജോലി ചെയ്ത് ഇത്രയധികം ത്യാഗങ്ങൾ സഹിക്കേണ്ട ഒരാവശ്യവുമില്ല എന്ന ഒരു തെറ്റായ ഉപദേശം മാത്രമേ പലപ്പോഴും കലപ്പ ഉപേക്ഷിച്ച് കൃഷിഭൂമിയിൽനിന്നും കയറിപ്പോരാൻ ഒരു വ്യക്തിക്ക് ആവശ്യമായി വരാറുള്ളൂ.യാത്രപറയാൻ വീട്ടിലേക്ക് പോകുന്ന ഏതൊരാളെയും ആ യാത്രയിൽ നിന്നും വശീകരിച്ചു പിന്തിരിപ്പിക്കാൻ അയാൾ ദൈവസ്നേഹത്തെപ്രതി മാറ്റിനിർത്തേണ്ടിവരുന്ന വ്യക്തികൾക്കും സാഹചര്യങ്ങൾക്കും ആകും.



തോമസ് റമ്പാൻ ബഥനി ആശ്രമ സുപ്പീരിയർ

റാന്നി: പെരുന്നാട് ബഥനി ആശ്രമത്തിന്റെ പുതിയ സുപ്പീരിയർ ആയി തോമസ് ഒ.ഐ.സി റമ്പാൻ ചുമതലയേറ്റു.



പോൾ മണലിൽ ഫിലിം അക്കാദമി ചെയർമാൻ

തിരുവനന്തപുരം: ചലച്ചിത്ര സംഘടനയായ നാഷണൽ ഫിലിം അക്കാദമിയുടെ ചെയർമാനായി മാധ്യമ പ്രവർത്തകനും ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടറുമായ ഡോ. പോൾ മണലിൽ തിരഞ്ഞെടുക്കപ്പെട്ടു.

BEING DISCIPLES

(Fourth Sunday after New Sunday, Lk 09:51-62)



Fr. Sajoie Samuel

The Evangelion portion of fourth Sunday after New Sunday is from Luke 09: 51 - 62. Jesus wishes to travel via Samaria but is not welcomed by them. Further three disciples we see who show their response when asked to follow the Savior. The disciples after the resurrection were able to understand what they saw in the past.

The animosity between the Jews and the Samaritans can be traced to the days of the destruction of the North by the King of Assyria, Sargon II, in 721 B.C. He deported the Samaritans to Ninevah and brought five pagan nations from Assyria and settled them there. They mingled with the local inhabitants and though they accepted the Jewish religion and worshipped Yahweh, they continued to worship pagan gods as well. After the exile, they broke away from the orthodox Jewish way of life and established their own temple in Samaria. They were despised by the Jews who saw them as heretics. This hatred can be seen in their refusal to accept Jesus.

I. EVERY CHALLENGE SHOULD STRENGTHEN US TO ACHIEVE OUR GOALS

Throughout His public ministry, Jesus was always trying to instill determination and courage in the mind of the disciples so that they would be aware of the challenges they would have to face in their future ministry. Every successful individual has come across multiple failures. Marilyn Monroe was rejected by Columbia pictures, citing the reason that she was not good as an actor. After thousands of failed attempts, Thomas Eddison successfully manufactured a bulb. Walt Disney's idea to build Disneyland was rejected by investors 302 times. Without effective rejection there can be no success. So as the ultimate teacher, Jesus Himself became the suffering servant for them.

As the first part of Jesus' ministry began with His rejection in Nazareth (04:16-30), so does the second part begin with His rejection by the Samaritans. Just as in John 04:09, Jesus sends messengers before going to unfriendly towns. Jesus has no place of refuge for Himself. Judea rejects Him (Jn15:18), Galilee casts Him out (Jn 6:66), Gadara begs Him to leave their territory (Matt 8:34), earth will not have Him (Matt 27:23) and finally even heaven forsakes Him (Matt 27:46). Jesus is infact telling the individual who wished to become His disciple to count the cost and the challenges he has to confront to become a disciple.

Jesus endures the unwelcoming attitude of the Samaritans to benefit His disciples so that when they see Him later on the cross, they will not be scandalized. As a patient teacher He is teaching them how they have to show endurance in the face of trials and tribulations. So He doesn't rebuke the Samaritans, but the disciples as the latter had to learn it as a way of life. Jesus turns this episode as an eye opener for James and John. They were guilty of the same error that the Samaritans had committed. The disciples were giving them back in the same coin when they wish to rain down fire from heaven. Hence Jesus 'rebuked' them.

II. DRIVE OUT THE FOXES AND BIRDS SO THAT CHRIST CAN DWELL IN US

First we need to understand the reference to the fox and bird here. The noun 'fox' occurs in Luke in reference to king Herod who represents Judaism and has reference in Matt 08:20. The 'birds in the air' brings to mind the Roman eagle and thus the Roman Empire. This interpretation fits perfectly the parable of the mustard seed where we are told that once 'the Kingdom of God' has come to its full stature, the 'birds of the air ' that is the Gentiles will find an abode in it. So the new Law of the Messiah is to take precedence over the Mosaic Torah. The man who wishes to bury his father is merely doing what the Law commands, while the one who wishes to say farewell to his home is showing reluctance to leave the Jewish 'house' which is the temple. The holiest things of Judaism : Law and Temple must both be abandoned in order for one to follow Jesus into the Kingdom of God in the new Heavenly Jerusalem.

The discipels need to shun out that, which is no longer conducive for their vocation of discipleship. So the one among the sons of thunder would become the disciple of love. John gets transformed by simply being in the presence of his Savior. Jesus had always refused to share the Jewish prejudice against the Samaritans (John 04:01). For Jesus knows no revenge, and hence this was the time for Him to turn the other cheek. But was it mandatory for the disciples to shun what their Master shunned? Of course yes. The disciples have to match and put up with the cost they have to incur to be His disciples. The one who is ploughing a straight furrow dares not look at what he has already ploughed, for this would be fatal to plowing a straight furrow in front of him. In the same way, the potential disciple is urged not to look back longingly to the things behind as it would cost him his discipleship.

III. HUMAN OBLIGATIONS SHOULD GIVE WAY TO CHRISTIAN DISCIPLESHIP

For a disciple, discipleship is the priority over all obligations. St. Paul compares the fulfillment of his task as a pressing on, forgetting what lies behind and straining forward to what is ahead (Ph 3:13). The same can also be traced to Hebrew 12:1-2. The disciples have to learn that the divine takes precedence over the human and that human obligation cannot stand in the way of Christian discipleship. Jesus calls those outside the Kingdom as dead. There are two kinds of death: one natural and the other spiritual. Jesus came in the world for eternal life. Those who do not have eternal life are physically active but spiritually dead. The call of Christ for discipleship is more important than the obligation to ones parents. Jesus Himself gave an example in Luke 02:49.

To look back means to go back to the demands of the world. Prophet Elisha does the same in 1 Kings 19: 19-21. He kills the pair of oxen and used the plough for firewood and prepared a meal. Jesus demands the man to act now and not wait. He saw the man's partial commitment. He saw through the mans lack of trust in God. Jesus expects us to take care of our parents (1 Tim 05:3-8), but He demands first loyalty and Immediate response. He demands two things in particular: Firstly, a sense of urgency. Secondly, to preach the Kingdom of God.

To sum up, we all are wanting to become the disciples of Jesus. During the Civil War in the United States of America, there were many volunteers who eagerly joined the ranks as if going to war meant nothing more than parades, drills, reviews, medals and honors. So they did not evaluate the loss of life. As disciples we need to eschew the ways of the world to be messengers of Jesus.


◆

പുസ്തകം


പൈതൃകം മലങ്കരസഭാ സാഹിതീ സരണി
മതോപദേശസാരങ്ങൾ
വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ്
മലങ്കര മെത്രാപ്പോലീത്താ
പ. വട്ടശ്ശേരിൽ തിരുമേനി 1892-ൽ രചിച്ച മതസംഗതി എന്ന മതബോധന ഗ്രന്ഥം.
പൂർണ്ണമായും വേദ തെളിവുകളെ മാത്രം ആശ്രയിച്ച് അടിസ്ഥാന ഓർത്തഡോക്സ് വിശ്വാസപ്രമാണങ്ങളെ സ്ഥാപിക്കുന്ന ശ്രേഷ്ഠ രചന.
MOC PUBLICATIONS
KOTTAYAM
No. 1219
Price : ₹150
MOC
മതോപദേശസാരങ്ങൾ
പൈതൃകം മലങ്കരസഭാ സാഹിതീ സരണി
വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ്
മലങ്കര മെത്രാപ്പോലീത്താ


പൈതൃകം മലങ്കരസഭാ സാഹിതീ സരണി
മാർത്തോമ്മാശ്ലീഹായുടെ സിംഹാസനവും മറ്റും
മലങ്കര മല്പാൻ കോനാട്ട് എബ്രഹാം കത്തനാർ രണ്ടാമൻ
മലങ്കര മല്പാൻ കോനാട്ട് എബ്രഹാം കത്തനാർ രണ്ടാമന്റെ 13 ലേഖനങ്ങളുടെ സമാഹാരം
MOC PUBLICATIONS
KOTTAYAM
MOCN - 1220
Price : ₹140
MOC
മാർത്തോമ്മാശ്ലീഹായുടെ സിംഹാസനവും മറ്റും
പൈതൃകം മലങ്കരസഭാ സാഹിതീ സരണി
മലങ്കര മല്പാൻ കോനാട്ട് എബ്രഹാം കത്തനാർ രണ്ടാമൻ


പൈതൃകം മലങ്കരസഭാ സാഹിതീ സരണി
ദൈവ മാതാവായ കന്യക മർത്തമറിയാമിന്റെ ചരിത്രം
മലങ്കര മല്പാൻ കോനാട്ട്
മാത്തൻ കോർ–എപ്പിസ്ക്കോപ്പാ
മലങ്കര മല്പാൻ കോനാട്ട് മാത്തൻ കോർ-എപ്പിസ്ക്കോപ്പാ സുറിയാനിയിൽ നിന്നും പരിഭാഷപ്പെടുത്തിയ പ. ദൈവ മാതാവിനെക്കുറിച്ചുള്ള പാരമ്പര്യ വിശ്വാസം
MOC PUBLICATIONS
KOTTAYAM
MOCN: 1213
Price: ₹180
MOC
ദൈവ മാതാവായ
കന്യക മർത്തമറിയാമിന്റെ ചരിത്രം
പൈതൃകം മലങ്കരസഭാ സാഹിതീ സരണി
മലങ്കര മല്പാൻ കോനാട്ട്
മാത്തൻ കോർ–എപ്പിസ്ക്കോപ്പാ


ഓർത്തഡോക്സിയുടെ
വഴിത്താരയിൽ
"മലങ്കര സഭയുടെ മല്പാൻ പാരമ്പര്യത്തിന്റെ ഛത്രവും ചാമരവുമേന്തി നിൽക്കുന്ന ചാരചണനാണ് മലങ്കര മല്പാൻ ഡോ. ജോൺസ് എബ്രഹാം കോനാട്ട് ആർച്ച് കോർ എപ്പിസ്കോപ. അറിവിന്റെയും വേദത്തിന്റെയും തമ്പുരാനായി ഓർത്തഡോക്സ് വിശ്വാസ വഴിത്താരയിൽ ചാരുക്തികളുമായും ചാരെഴുത്തുകളുമായും വിരാജിക്കുന്ന ഈ സുറിയാനി പണ്ഡിതന്റെ ദർശന പ്രപഞ്ചത്തിലേക്കൊരു ചാലേയമാണീ ഗ്രന്ഥം."
ഡോ. പോൾ മണലിൽ
ഫാ. ബിജു പി. തോമസ്
MOC PUBLICATIONS
KOTTAYAM
MOCN
PRICE
ഓർത്തഡോക്സിയുടെ
വഴിത്താരയിൽ
മലങ്കര മല്പാൻ
ഡോ. ജോൺസ് എബ്രഹാം കോനാട്ട്
റീശ് കോറെപ്പിസ്കോപ്പാ
എഡിറ്റർ
ഫാ. ബിജു പി. തോമസ്


Are You In Kerala From May 9th to 12th?
JOIN THE MOST FABULOUS FAMILY CAMP EVER!
Focus is on Families outside Kerala.
Sessions in English by Eminent Gurus of MOSC
INFORMATIC - ENTERTAINING - SOUL ENRICHING
INCLUDING A ONE DAY "HERITAGE TOUR"
FAM COLT 2024
VENUE: NJALIAKUZHY DAYARA, KOTTAYAM.
'Experience the awakening of your soul in its scenic splendor.'
One bath attached room for each family: Special caretakers for your kids.
DATES: MAY 9 - MAY 12, 2024
A never before opportunity for your family to bond & grow spiritually.
ORGANIZED BY FR. PHILIP KURUVILLA'S ONYX & MISSION BOARD OF CALCUTTA DIOCESE
For details contact
Fr. Philip Kuruvilla on 9823152313